

# പത്രാധിപ ലേഖനം

എന്തിന് ഇത്രയേറെ മാസികകൾ, ആര് ഇതെല്ലാം വായിക്കും, ഇപ്പോൾ ഉള്ളതുപോലും വായിക്കുവാൻ സമയം കിട്ടുന്നില്ല. പലതും റാപ്പർ പൊട്ടിക്കാതെ തന്നെ വേസ്റ്റിൽ പോകുകയാണ്.

ഈ വാക്കുകൾ പലരിൽ നിന്നും കേട്ടിട്ടുണ്ട്, പ്രത്യേകിച്ച് നമ്മുടെ ആളുകളിൽ നിന്നും. പക്ഷേ അവരാരും എന്തിനിത്രയേറെ പത്രങ്ങൾ, എന്തിനിത്രയേറെ ആഴ്ചപ്പതിപ്പുകൾ, എന്തിനിത്രയേറെ ടിവി ചാനലുകൾ എന്നോ ചോദിക്കാറില്ല. അവരാരും പത്രങ്ങൾ വായിക്കാത്തവരോ, ടിവി കാണാത്തവരോ ആയതിനാലല്ല അങ്ങനെ ചോദിക്കാത്തത്. ലോകസംഭവങ്ങളും, വാർത്തകളും അറിയുവാനുള്ള ആവേശം അവർക്കുണ്ട്. കാഴ്ചക്കുറവുള്ള വൃദ്ധർ പോലും കഴിവതും മറ്റുള്ളവരെക്കൊണ്ട് കാര്യങ്ങൾ വായിച്ചു കേൾക്കാറുണ്ട്. എന്നാൽ ആത്മിക പ്രസിദ്ധീകരണങ്ങളോട് ഇവർക്കൊക്കെ എന്താണ് ഒരു മടുപ്പ്. പത്രങ്ങളോ, ടിവി ചാനലുകളോ അതിന്റെ നടത്തിപ്പുകാർക്ക് വൻലാഭമുണ്ടാക്കുന്നതിനുവേണ്ടിയാണ്. എന്നാൽ ആത്മീക പ്രസിദ്ധീക രണങ്ങൾ കൂടുതലും സ്വന്തം കീശയിലെ കാശു ചിലവാക്കി, മറ്റുള്ളവരുടെ പ്രയോജനത്തെ മുൻനിർത്തി, സ്വയം കഷ്ടം സഹിച്ചുകൊണ്ടു നടത്തുന്നവയാണ്. ഓരോരുത്തരും അവരുടെ അഭിരുചിക്കും ആവശ്യബോധത്തിനും യോഗ്യമായവ വായിക്കട്ടെ. ഓരോ മാസികാ പ്രസിദ്ധീകരണവും ഓരോ ഉദ്ദേശ്യത്തോടെ നടത്തുന്നവയായിരിക്കും. വായനക്കാരന് ശരിയെന്നും തെറ്റെന്നും തോന്നുന്നവ അവയിൽ കണ്ടെന്നു വരാം. വായനാ ശീലമോ, ആത്മിക താൽപ്പര്യമോ, ആവശ്യബോധമോ ഇല്ലാത്തവർ എല്ലാറ്റിനെയും എതിർക്കുന്നവർ മാത്രമായിരിക്കും.

നമ്മുടെ പല മാസികകളുടെയും തുടക്കത്തിൽ ഉണ്ടായിരുന്ന രീതിയല്ല ഇപ്പോൾ കാണുന്നത്. പല ദുരുപദേശ സംഘടനകളോടും, അനാത്മിക പ്രവണതകളോടും അവർ അനുരഞ്ജനപ്പെട്ടു കഴിഞ്ഞു. ദുരുപദേശങ്ങൾക്കെതിരായി ഒരക്ഷരം പോലും ഉരിയാടുവാൻ അവർ സന്നദ്ധരല്ല. ഫലമോ, നമ്മിൽ അനേകരെ ദുരുപദേശ സംഘടനകൾ വലിച്ചു കൊണ്ടു പോയി. കെ.വി. സൈമൺ, ഇ.പി. വറുഗീസ്, എ.പി. പൈലി, കെ.ജി. കുര്യൻ, വൈ. എസക്കിയേൻ തുടങ്ങിയവർ ദുരുപദേശങ്ങൾക്കെതിരായി നട്ടെല്ലു നിവർത്തി നിന്ന് സംസാരിച്ചിട്ടുണ്ട്. ആ കാലങ്ങളിൽ അത് നമുക്ക് പ്രയോജനം ചെയതിട്ടുമുണ്ട്.

ഒരു കാര്യം നാം മനസ്സിലാക്കണം. യിസ്രായേൽ ജനം ബാലിന്റെ ആരാധകരായി തീർന്നത് ഒരു ദിവസം സുപ്രഭാതത്തിൽ പെട്ടെന്ന് ആയിരുന്നില്ല. ജാതികളുടെ ചെറിയ ചെറിയ കാര്യങ്ങൾ അനുകരിച്ചുകൊണ്ടാണ് അവർ ആരംഭം കുറിച്ചത്. അവസാനം 'നിന്നെ ഞങ്ങൾ കൂട്ടാക്കുകയില്ല' എന്ന് ദൈവത്തിന്റെ പ്രവാചകനായ യിരമ്യാവോട് മറുതലിച്ചു പറയത്തക്കവണ്ണം യിസ്രായേൽ സ്ത്രീകൾ പോലും ആയിത്തീർന്നു യിര:44:16.

നമ്മുടെ ആത്മിക നിലവാരത്തകർച്ച അനതിവിദൂരഭാവിയിൽ നമ്മുടെ പ്രിയപ്പെട്ടവരെ– വിശേഷാൽ കുഞ്ഞുങ്ങളെ– വചനത്തിൽ നിന്നും അകറ്റുന്നതിനു മുൻപായി നമ്മെക്കൊണ്ട് കഴിയുന്നത് നമുക്ക് ചെയ്യാം.

# ഭാഷാവരം നിന്നു പോയെങ്കിൽ എന്നാണ് നിന്നു പോയത്?

പി. ജയിംസ് സാമുവേൽ
8592019064

1 കൊരി. 13ന്റെ 8 ഇങ്ങനെ വായിക്കുന്നു. "സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല, പ്രവചന വരമോ അതു നീങ്ങിപ്പോകും, ഭാഷാ വരമോ അതു നിന്നു പോകും, ജ്ഞാനമോ അതു നീങ്ങിപ്പാകും . . . . . . . . . . ." ഇവിടെ നിന്നു പോകും എന്നല്ലാതെ നിന്നു പോയി എന്നു പറഞ്ഞിട്ടില്ല. അഥവാ നിന്നു പോയി എന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ അത് എന്നാണ് നിന്നു പോയത് എന്ന് തെളിയിക്കേണ്ടി യിരിക്കുന്നു. എന്നാണ് പ്രവചന വരമോ ഭാഷാ വരമോ നിന്നു പോയത് എന്നതിനെക്കുറിച്ച് ഒരു തീയതിയും വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലാ ത്തതു കൊണ്ട്, അത് ഇപ്പോഴും തുടരുന്നു എന്നു തന്നെയാണ് ലോക ജനസംഖ്യയിലെ 45 കോടിയോളം വരുന്ന അന്യഭാഷാ ഭാഷണക്കാർ ചിന്തിക്കുന്നത്. പൂരകമായി പ്രസ്തുത വാക്യത്തിന്റെ അവസാന ഭാഗവും എടുത്ത് പറയുന്നുണ്ട്. അവിടെ 'ജ്ഞാനമോ അത് നീങ്ങിപ്പോകും' എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. എന്നാൽ ജ്ഞാനം നീങ്ങിപ്പോയോ? ഈ ഭാഗം എഴുതിയ കാലത്തേക്കാൾ എത്രയോ അധികം ജ്ഞാനം ഇന്ന് വർദ്ധിച്ചിരിക്കുന്നു.

മറ്റേത് സമൂഹങ്ങളേക്കാളും അന്യഭാഷ സംസാരിക്കുന്നവർ കഴിഞ്ഞ ഒരു നൂറ്റാണ്ടില ധികമായി വിർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. കൂടാതെ കത്തോലിക്കർ തുടങ്ങി മർത്തോമക്കാർ വരെയുള്ള കൂട്ടങ്ങളിലെ കാരിസ്മാറ്റിക്കുകൾ ഒരു വലിയ സംഖ്യയാണ്.

പ്രവചന വരവും ഭാഷാ വരവും നിന്നു പോയില്ല എന്നതിന്റെ അടുത്ത തെളിവ് 1 കൊരി 13ന്റെ 9-ാം വാക്യത്തിൽ എഴുതിയിട്ടുണ്ട്. അംശമായി മാത്രം നാം അറിയുന്നു, അംശമായി മാത്രം പ്രവചിക്കുന്നു, പൂർണ്ണമായത് വരുമ്പോഴോ അംശമായത് നീങ്ങിപ്പോകും. പൂർണ്ണമായത് വന്നോ? പൂർണ്ണമായത് വരുമ്പോൾ മാത്രമേ അംശമായതു നീങ്ങിപ്പോകയുള്ളു. അതുവരെ അംശമായതു തുടർന്നേ സാധിക്കുകയുള്ളു!

വാക്യം 12. ഇപ്പോൾ കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. അപ്പോൾ മുഖാമുഖമായി കാണും. കർത്താവ് വരുമ്പോഴല്ലെ കർത്താവിനെ കാണുവാൻ സാധിക്കയുള്ളു. അതുകൊണ്ട് കർത്താവിന്റെ വരവുവരെയും അന്യഭാഷയും പ്രവചനവും ഉണ്ടായിരിക്കും, ഉണ്ടായിരിക്കണം, ഉണ്ടായിരുന്നേ പറ്റുകയുള്ളു.

ഒരു ശരാശരി അന്യഭാഷാ ഭാഷണക്കാരൻ മേൽപ്പറഞ്ഞ കാര്യങ്ങൾ തങ്ങളുടെ നടത്തിപ്പുകാരിൽ നിന്നും കേട്ട് പഠിച്ചു വെച്ചിട്ടുണ്ട്. ഇതിനപ്പുറത്തേക്കോ ഇപ്പുറത്തേക്കോ നേതാക്കന്മാർ പഠിപ്പിക്കുകയോ അയ്മേനികൾ പഠിക്കുകയോ ചെയ്തിട്ടില്ല. പഠിക്കുവാൻ അവരിലാരും സ്വയം താൽപ്പര്യപ്പെടാറുമില്ല. ദൈവത്തിന്റെ സ്ഥാനത്തു നിൽക്കുന്ന ബഹുമാന്യരായ മേലധികാരികളുടെ വാക്കിനോളം വിലയുണ്ടോ വേദപുസ്തകത്തിന്. അവരെല്ലാം റവറന്റും, വെരി റവറന്റും ആണല്ലോ. പേരു പറഞ്ഞു പോലും അവരെ ആരും സംബോധന ചെയ്യുക പോലുമില്ല. സ്വയം അവർ പേരു മാത്രം പറഞ്ഞ് പരിചയപ്പെടുത്താറുമില്ല. അങ്ങനെയല്ലല്ലോ യേശുവും പൗലോസുമൊക്കെ.

പഴയനിയമ കാലയളവിൽ പ്രവാചകന്മാർ ഉണ്ടായിരുന്നു. അവർ സ്വപ്നങ്ങൾ വഴിയോ ദർശനങ്ങൾ മുഖാന്തിരമോ ദൈവത്തിൽ നിന്നു അരുളപ്പാടുകൾ പ്രാപിക്കയും, യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു എന്ന് പറഞ്ഞു കൊണ്ട് ജനത്തോട് പ്രവചനങ്ങൾ പറയുകയും ചെയ്തു. പ്രവചനവരം എന്താണ് എന്ന് 1 കൊരി 13:2ൽ പറയുന്നു. "എനിക്കു പ്രവചനവരം ഉണ്ടായിട്ടു സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും. . . . . . " പ്രവചനവരത്താൽ ഒരുവൻ ദൈവിക മർമ്മങ്ങളും ജ്ഞാനവും ഗ്രഹിക്കുന്നു എന്നർത്ഥം. മർമ്മങ്ങൾ

ദൈവിക രഹസ്യങ്ങളാണ്. സഭ എന്ന മർമ്മം പഴയ നിയമ കാലയളവിൽ ആർക്കും വെളിപ്പെട്ടു കിട്ടിയിരുന്നില്ല. ദൈവിക വെളിപ്പാടുകൾ ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പിതാക്കന്മാരോട് അരുളി ചെയ്തിരിക്കുന്നു. (എബ്രാ 1:1) അതായത് ദൈവം കുറേശ്ശയായി കാര്യങ്ങൾ തന്റെ ഇഷ്ടപ്രകാരവും പദ്ധതി പ്രകാരവും വെളിപ്പെടുത്തി. പുത്രനെയും പ്രവാചകൻ എന്നു പറഞ്ഞിട്ടുണ്ട് (സംഖ്യ 18:15) സഭയെ പണിയുന്ന കാര്യം പുത്രനാണ് വെളിപ്പെടുത്തിയത്. അതിൽ തന്നെ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം. (എഫേ:3:6) എന്ന മർമ്മം പൗലോസിന് വെളിപ്പെട്ടു കിട്ടി. പുതിയ നിയമത്തിൽ അനേക മർമ്മങ്ങൾ പ്രവചനം, അന്യഭാഷ, വെളിപ്പാട് എന്നിവയിൽ കൂടി വെളിപ്പെട്ടു. ഇവ ദൈവികമായിരുന്നതിനാൽ ഒന്നുപോലും തെറ്റിപോകുവാൻ ഇട വന്നില്ല. തെറ്റുവാൻ പാടുള്ളതുമല്ല. ഇത് നാം മനസ്സിലാക്കിയിരിക്കണം. പഴയ നിയമത്തിൽ സത്യപ്രവാച കന്മാരെപ്പോലെ തന്നെ കള്ള പ്രവാചകന്മാരെയും കാണുന്നുണ്ട്. മനുഷ്യരിൽ ഭോഷ്കിന്റെ ആത്മാവ് പ്രവേശിക്കുകയും (1രാജാ 22:22) അവർ പ്രവചിക്കുകയും ചെയ്യുന്നു.

കണിയാന്മാർ, കാക്കാത്തിമാർ തുടങ്ങി പലരും പ്രവചനങ്ങൾ നടത്തിയിരുന്നു. ചിലപ്പോൾ ചിലത് സംഭവിച്ചു എന്നു വന്നേക്കാം. എന്നല്ലാതെ പ്രവചനം നിശ്ചയമായും നടക്കും എന്ന് ആർക്കും കണിയാന്റെയും കാക്കാത്തിയുടെയും പ്രവചനങ്ങളെക്കുറിച്ച് പറയാവതല്ല. എന്നാൽ ദൈവാത്മാവ് മുഖാന്തരം നടത്തപ്പെടുന്ന പ്രവചനങ്ങൾ ഒന്നും തന്നെ വള്ളിപുള്ളി തെറ്റുവാൻ സാധ്യമല്ല. ഇന്ന് പ്രവചനങ്ങൾ നിവർത്തിക്കപ്പെടാതെ വരുമ്പോൾ പലരും ഉടൻ തന്നെ ഹിസ്ക്കീയാവിന്റെ ഉദാഹരണം എടുത്തു കാട്ടാറുണ്ട്. ഹിസ്തീയാവ് മരിച്ചു പോകും എന്ന് യെശയ്യാ പ്രവാചകൻ പ്രവചിച്ചു (2 രാജാ 20). എന്നാൽ 15 വർഷം കൂടി ഹിസ്ക്കിയാവ് ജീവിച്ചിരിക്കയും അവനു പുത്രൻ ജനിക്കുകയും ചെയ്തു. ഇതു പറയുന്നതിന്റെ ഉദ്ദേശം പ്രവചനം നിവൃത്തിയായില്ലെങ്കിൽ അത് പ്രവാചകന്റെ കുറ്റമല്ല ദൈവത്തിന്റെ കുഴപ്പമാണ് എന്നു ജനത്തെ തെറ്റിദ്ധരിപ്പിക്കുവാനുള്ള ഒരു ശ്രമം ആയിട്ടാണ്. എത്ര വലിയ ഭോഷത്വമാണ് ദൈവത്തിന്റെ പേരിൽ ആരോപിക്കുന്നതെന്ന് ചിന്തിക്കാതെയാണ് ഇതു പറയുന്നത്. ഹിസ്ക്കിയാവ് തന്റെ മരണത്തെക്കുറിച്ചുള്ള ദൈവിക അരുളപ്പാട് കേട്ടപ്പോൾ മുഖം ചുവരിന്റെ നേരെ തിരിച്ചു യഹോവയോടു പ്രാർത്ഥിച്ചു. ഞാൻ നിന്റെ പ്രാർത്ഥന കേട്ടു കണ്ണീർ കണ്ടിരിക്കുന്നു എന്നു യഹോവ അരുളി ചെയ്തു. കൂടാതെ അതിനു വേണ്ടി ആഹാസിന്റെ സൂര്യഘടികാരത്തിൽ ഇങ്ങിപ്പോയിരുന്ന നിഴലിനെ പത്തു പടി പിന്നോക്കം തിരിയുമാറാക്കി . ഒരു മനുഷ്യന്റെ നിലവിളി കേട്ട് ദൈവം അവനോട് കരുണ കാണിച്ചപ്പോൾ ഭൂമിക്കു തിരിഞ്ഞു കറങ്ങേണ്ടതായി വന്നു. വേറെ എന്തെല്ലാം വ്യത്യാസങ്ങൾ സൂര്യനോ ചന്ദ്രനോ പ്രപഞ്ചത്തിനോ ഉണ്ടായി എന്നു നമുക്കറികയില്ല. ദൈവിക അരുളപ്പാട് വ്യത്യാസം വരിക സംഭവ്യമല്ല. അല്ലെങ്കിൽ ദൈവം ദൈവമല്ല എന്നു വരും. പഴയ നിയമ കൽപ്പന പ്രകാരം കള്ളപ്രവാചകനെ (അഥവാ തെറ്റിപ്പോകുന്ന പ്രവചനം ചെയ്യുന്ന; അല്ലെങ്കിൽ ദൈവനാമത്തിൽ ശരിയല്ലാത്ത കാര്യം പ്രവചിക്കുന്നവനെ) കല്ലെറിഞ്ഞു കൊല്ലണം. അത് ദൈവത്തിന്റെ നിയമമാണ്.

ഇന്ന് വായിൽ വരുന്ന എന്തും പ്രവചനമായി പറയുന്ന അനേകർ നമ്മുടെ ചുറ്റുപാടും ഉണ്ട്. ദൈവനാമത്തിൽ ഊഹാപോഹങ്ങൾ മുഖാന്തിരം പ്രവചിക്കുന്ന ഇവരുടെ പ്രവചനങ്ങൾ പലപ്പോഴും തെറ്റിപ്പോകുന്നു. പ്രവാചകന്മാരെ വീട്ടിൽ കയറ്ററുതെന്നും, അവർക്കു പായിട്ടു കൊടുക്കരുതെന്നും, അവർ കുടുംബം കലക്കികളാണ് എന്നും തെളിവുകൾ എടുത്തു കാണിച്ചു കൊണ്ട് പ്രവാചകൻ ഉൾപ്പെട്ടു നിൽക്കുന്ന സമൂഹങ്ങൾ തന്നെ പറയുന്നു. കള്ളപ്രവാചകനെ കല്ലെറിഞ്ഞു കൊല്ലുന്നതു പോകട്ടെ ഒരു മുടക്കു കൽപ്പന പോലും ആർക്കും കൊടുത്തതായി കേട്ടു കേൾവിയില്ല. പുതിയ

മർമ്മങ്ങൾ ഗ്രഹിച്ച് പ്രവചിക്കുന്ന പ്രവാചകന്മാർ ആരെങ്കിലും ഇന്നുണ്ടോ? നൂറു കണക്കിന് പ്രവാചകന്മാരെ നമുക്കറിയാം. അവർ വി.ഐ.പി.കളായി ചുറ്റിക്കറങ്ങുന്നു. ആരെക്കുറിച്ചെങ്കിലും ഇദ്ദേഹമാണ് ഈ പുതിയ മർമ്മം വെളിപ്പെടുത്തിയതെന്നോ. ഇദ്ദേഹത്തിന്റെ പ്രവചനങ്ങൾ ഒന്നും ഇതുവരെ ശരിയാകാതെയിരുന്നിട്ടില്ലെന്നോ ആർക്കെങ്കിലും പറയാൻ സാധിക്കുമോ? ദൈവിക മർമ്മങ്ങളല്ല ഇന്ന് പല പ്രവാചകന്മാരുടെയും പ്രവാചികമാരുടെയും വിഷയം. ഗൾഫിലോ അമേരിക്കയിലോ പോകുന്ന കാര്യം, ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണ്ണയം, പരീക്ഷയിൽ പാസാകുന്നതും ജോലി ലഭിക്കുന്നതും, വിവാഹ കാര്യങ്ങളും ഇന്ന് അനേകർ പ്രവചിച്ച് പ്രവാചകന്മാർ എന്ന ഖ്യാതി നേടുന്നു. രോഗ സൗഖ്യം പ്രവചിച്ച രോഗി മരിച്ചിട്ടും പ്രവാചകന് പെരുമ വർദ്ധിക്കുന്നതേയുള്ളു. എന്താണ് ഇതിന്റെയെല്ലാം കാരണം. ഇവർ പ്രവാചകന്മാരല്ലേ അതോ പ്രവചനവരം നിന്നു പോയിട്ടും ഇവർ പ്രവചനവരമുണ്ട് എന്ന് അഭിനയിക്കുന്നതാണോ?

കർത്താവിന്റെ രണ്ടാം വരവ്, ലോകാവസാനം തുടങ്ങിയവ പ്രവചിച്ച് പരാജയപ്പെട്ട അഞ്ഞൂറു പേരെങ്കിലും ചരിത്രത്തിന്റെ ഏടുകളിൽ പേർവഴി ചാർത്തിയിട്ടുണ്ട്. കേരളത്തിലെ അഞ്ചരക്കാരും, പോൾ ആശിർ ലോറിയും എല്ലാം അതിലു ൾപ്പെടും. പിന്നെ ശബത്തുകാരും യഹോവാ സാക്ഷികളും നമ്മുടെ കൊച്ചു കേരളത്തിൽ ധാരാളമുണ്ട്. കർത്താവിന്റെ വീണ്ടും വരവിന് പല തീയതി പ്രവചിച്ചിട്ട് വരാതെയായപ്പോൾ ആരും കാണാതെ കർത്താവ് വന്നു പോയി എന്ന് അവർ പഠിപ്പിച്ച് സമാധാനിക്കുകയാണ്.

പ്രവചനങ്ങൾ ദൈവിക മർമ്മങ്ങളാ കയാൽ അത് രേഖപ്പെടുത്തപ്പെട്ട് ലഭിച്ചിട്ടുണ്ട്. വെളിപ്പാടു പുസ്തകം ദൈവിക മർമ്മങ്ങളുടെ പ്രകാശനമാണ്. അതു തന്നശേഷം അതിനോട് ഒന്നും കൂട്ടരുത്. (വെളി:22:18) എന്നു കൽപ്പിച്ചിട്ടുണ്ട്. അഥവാ പുതിയ മർമ്മങ്ങൾ ഇന്നു വെളിപ്പെടുത്തുന്നു വെങ്കിൽ എന്തുകൊണ്ട് അങ്ങനെ കൽപ്പിച്ചിരിക്കുന്നു. പുതിയ മർമ്മങ്ങൾ വെളിപ്പെടുത്തുന്നുവെങ്കിൽ വിശ്വാസികൾ എല്ലാവരും അത് അറിയാൻ തക്കവണ്ണം അത് എഴുതി വേദപുസ്തകത്തോട് ചേർക്കേണ്ടതല്ലേ. എന്താണ് ആധുനിക പ്രവാചകന്മാർ ഉൾപ്പെട്ടു നിൽക്കുന്ന; സഭകൾ അതിനു മുൻകൈ എടുക്കാത്തത്.

കർത്താവ് തന്റെ വിശുദ്ധന്മാരെ ചേർക്കുവാൻ വീണ്ടും വരും എന്നു ദൈവവചനം പഠിപ്പിക്കുന്നു. പക്ഷെ എന്നു വരും എന്നു പറഞ്ഞിട്ടില്ല. എന്നു വരും എന്ന് തീയതി പറഞ്ഞിട്ടില്ലാത്തതുകൊണ്ട് കർത്താവ് വരും എന്നു പറഞ്ഞിരിക്കുന്നത് നമുക്ക് വിശ്വസിക്കാമോ? പ്രവചനവരം തീയതി രേഖപ്പെടുത്തി എന്നു നീങ്ങിപ്പോയി എന്നു പറഞ്ഞിട്ടില്ലാത്തതിനാൽ നമുക്കു വിശ്വസിക്കാമോ? പലരുടേയും സംശയം അതാണ്. എന്നാൽ നിന്നു പോകും എന്ന് പ്രവചനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതിനാലും, ഇന്ന് ശരിയായ നിലയിൽ പ്രവചനങ്ങൾ നടത്തുകയോ, ദൈവിക മർമ്മങ്ങൾ വെളിപ്പെടുത്തകയോ ചെയ്യുന്ന ആരും തന്നെ ലോകത്തിലൊരിടത്തും ഇല്ലായ്കയാലും, പ്രവചന വരം നിന്നു പോയി എന്നു തീർച്ചയാണ്. അഥവാ നിന്നു പോയില്ല എന്നു പറയുവാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ അവർ ശരിയായ ഒരു പ്രവാചകനെ കാണിക്കുവാൻ ബാധ്യസ്ഥനാണ്.

ഭാഷാവരത്തെക്കുറിച്ചും, അതു നിന്നു പോയില്ല എന്ന ചിന്താഗതി പുലർത്തുന്നവരാണ് സിംഹഭാഗവും. നിന്നു പോയെങ്കിൽ എന്നാണ് നിന്നു പോയത്? ഇന്നും അനേകായിരങ്ങൾ അന്യഭാഷകളിൽ സംസാരിച്ചു കേൾക്കുന്നത് എങ്ങനെയാണ്? സാധാരണവും അവശ്യപൂർണ്ണ വുമായ ഒരു ചോദ്യം തന്നെ. ഇത് വ്യക്തമായി മനസ്സിലാക്കാൻ ഒരു ചോദ്യം മാത്രം പോരാ. ദൈവവചനം പരിശോധിച്ച് ഇതു മനസ്സിലാ ക്കേണ്ടിയിരിക്കുന്നു.

(തുടരും)

# ആഭരണം എന്തിന്

പി.ജയിംസ് സാമുവേൽ
8592019064

തങ്ങൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഉപദേശങ്ങൾ മാറ്റുന്നവർ ക്രിസ്തീയ ഗോളത്തിൽ ധാരാളമുണ്ട്. ചിലർ സാഹചര്യങ്ങൾക്കനുസൃതമായി ഉപദേശങ്ങൾ വ്യത്യാസപ്പെടുത്തുന്നു. ചിലർ അവർക്കു ലഭിച്ചുവെന്നവകാശപ്പെടുന്ന ദർശനങ്ങൾക്കനുസരണമായി അതു ചെയ്യുന്നു. ചിലർ പുതുമയ്ക്കുവേണ്ടിയും മറ്റു ചിലർ സമൂഹത്തോടനുരൂപപ്പെട്ടു പോകുവാനുമായി അതു ചെയ്യുന്നു.

മരുന്ന് ഉപയോഗിക്കുന്നത് പാപമാണ് എന്ന് പഠിപ്പിച്ചവർ മരുന്ന് ഉപയോഗിക്കുന്നവരായി; സ്വന്തമായി തങ്ങളുടെ സംഘടനക്ക് ഭൂമിയിൽ സ്വത്തുക്കൾ പാടില്ല എന്നു പഠിപ്പിച്ചിരുന്നവർ ഭൂസ്വത്തുക്കൾ ഉണ്ടായിരിക്കുന്നത് തെറ്റല്ല എന്നു പഠിപ്പിച്ചു തുടങ്ങി. നിയമത്തിന്റെ മുമ്പിൽ നിലനിൽപ്പിനു വേണ്ടി ആവശ്യമില്ല എന്നു പറഞ്ഞിരുന്ന പേരുകൾ ചിലർ സ്വീകരിക്കുവാനാരംഭിച്ചു. മറ്റു ചിലരാകട്ടെ വിശുദ്ധിയെ പ്രതി ഉപേക്ഷിച്ചിരുന്ന പല അശുദ്ധിയേയും ആശ്ലേഷിക്കുവാനാരംഭിച്ചു.

ശാരീരിക വിശുദ്ധി, ആത്മിക വിശുദ്ധി, ഉപദേശ വിശുദ്ധി ഇവ മൂന്നും ഒരു വിശ്വാസിക്ക് അത്യന്താപേക്ഷിതമാണ്. ശരീരം കൊണ്ടു ചെയ്യുന്ന പാപം ആത്മാവിനെ ബാധിക്കുകയില്ല എന്നു ചിലർ ഒന്നാം നൂറ്റാണ്ടിൽ തന്നെ പഠിപ്പിക്കുവാനാരംഭിച്ചിരുന്നു. യോഹന്നാൻ തന്റെ ഒന്നാം ലേഖനത്തിൽ അത്തരം പഠിപ്പിക്കലുകൾക്കെതിരായി എഴുതിയിരുന്നു. തങ്ങൾ രക്ഷിക്കപ്പെട്ടവരായതുകൊണ്ട് എന്തു ചെയ്താലും കുഴപ്പമൊന്നും വരാൻ പോകുന്നില്ല എന്ന് ചിന്തിക്കുന്നവർ ഇന്ന് ധാരാളമുണ്ട്. നാടോടുമ്പോൾ നടുവെ ഓടണം എന്ന സിദ്ധാന്തവുമായി ഇവർ മറ്റുള്ളവരെ സമീപി ക്കുന്നു. തങ്ങൾ ചെയ്യുന്ന ആദ്ധ്യാത്മിക കാര്യങ്ങൾ സമൂഹം അനുകരിക്കുമ്പോൾ അത് ദൈവവചനമായി എന്ന് അങ്ങനെയുള്ളവർ കരുതുന്നു.

യിസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നും പുറപ്പെടുവിച്ച് പാലും തേനും ഒഴുകുന്ന സമൃദ്ധിയുള്ള നാട്ടിലേക്കാണ് ദൈവം കൊണ്ടുവന്നത്. അവർ ദൈവ മുമ്പാകെ വിശ്വസ്തരായി വസിച്ചിരുന്നുവെങ്കിൽ ആ സമൃദ്ധി അനുഭവിക്കുവാൻ അവർക്ക് സാധിക്കുമായിരുന്നു. എന്നാൽ കുറേശ്ശ കുറേശ്ശയായി അവർ ദൈവത്തിൽ നിന്നും അകന്നു. ഓരോരുത്തർ തനിക്കു ശരി എന്നു തോന്നിയതുപോലെ നടന്നു. ഒന്നിലധികം വിവാഹം കഴിച്ചവർ പക്ഷെ ഇങ്ങനെ ന്യായം പറഞ്ഞു കാണും അബ്രഹാമിന് ഒന്നിലധികം ഭാര്യമാരില്ലായിരുന്നുവോ, യാക്കോബിന് എത്ര ഭാര്യമാരുണ്ടായിരുന്നു, അതുകൊണ്ട് ബഹുഭാര്യാത്വം തെറ്റാണ് എന്നു ഞാൻ വിശ്വസിക്കുന്നില്ല . അന്യജാതിക്കാരികളെ വിവാഹം കഴിച്ചവർ പറഞ്ഞു കാണും, പൂർവ്വപിതാക്കന്മാർ ആരെയായിരുന്നു വിവാഹം കഴിച്ചത്, രാഹാബ് ആരായിരുന്നു. രൂത്ത് ഒരു മോവാബ്യ സ്തീയല്ലേ. രൂത്തിനെ വിവാഹം കഴിച്ച ബോവസിന് അനുഗ്രഹത്തിന് എന്തു കുറവാണുണ്ടായത്. തങ്ങൾ ചെയ്യുന്നത് ശരിയല്ല എന്ന് മനസ്സാക്ഷി അവരെ ഹേമിച്ചുകൊണ്ടിരിക്കുമ്പോഴും അവർ അത് ചെയ്യാതിരിക്കുകയോ തിരുത്തുകയോ ചെയ്യാതെ ന്യായങ്ങൾ കണ്ടെത്തുവാനും പൊതുജനത്തിന്റെ വായടക്കുവാനും ശ്രമിച്ചു പോന്നു. ക്രമേണ അവർ വിഗ്രഹാരാധികളായി, യഹോവയുടെ ആലയം ഉപേക്ഷിക്കപ്പെട്ട നിലയിലായി, ഒരു ആടിനേയോ കാളയേയൊ യഹോവയുടെ ആലയത്തിൽ യാഗം കഴിക്കുന്നത് ഭാരമായി ത്തീർന്ന ദൈവജനം ജാതികളെ അനുകരിച്ച് ബെൻഹിന്നോം താഴ്വരയിൽ പൂജാഗിരികളെ പണിത് അവിടെ നീട്ടിപ്പിടിച്ചിരിക്കുന്ന കൈകളോടു കൂടിയ വിഗ്രഹങ്ങളെ ആരാധിച്ച്

അവയുടെ മുൻപിൽ നൃത്തം ചെയ്ത് ഉത്സവം ആഘോഷിച്ചു. ചുട്ടു പഴുപ്പിച്ച വിഗ്രഹ കൈകളിലേക്ക് സ്വന്ത രക്തത്തിൽ പിറന്ന കുഞ്ഞുങ്ങളെ വെച്ചുകൊടുത്തിട്ട് അവർ പിടഞ്ഞ് വെന്തുരുകി മരിക്കുന്നതു കണ്ട് ഹല്ലേലുയ്യാ സ്തോത്രം പറഞ്ഞു. യഹോവയുടെ ആലയത്തിൽ ഒരു പാട്ടു പാടുകയോ, ആമേൻ പറയുകയോ ചെയ്യാതിരുന്ന ഇവർ ദൈവ വിരുദ്ധ പ്രവൃത്തികളിൽ എത്ര വലിയ സന്തോഷമാണ് അനുഭവിക്കുന്നത്. ഇപ്പോൾ അവർക്ക് ജാതികളിൽ നിന്നും യാതൊരു വേർതിരുവും ഇല്ലാത്ത അവസ്ഥയിലായി തീർന്നിരിക്കുകയാണ്.

ഇത് ഒരു ദിവസം കൊണ്ട് സംഭവിച്ച മാറ്റം അല്ല. ക്രമേണയായി വർഷങ്ങൾകൊണ്ട് പടി പടിയായി സംഭവിച്ച കാര്യമാണ്. അനേകം ഉപദേശിമാർ ഇതിനു വേണ്ടി അത്യദ്ധ്വാനം ചെയ്തു കാണും. ഫീസ് പോലും വാങ്ങാതെ പ്രസംഗിച്ചു കാണും. അങ്ങനെയല്ലാതെ ഇത് ഒരിക്കലും സംഭവിക്കുകയില്ല. ശിശുബലി യഹൂദന്റെ ഇടയിൽ ആരംഭിച്ചപ്പോൾ അന്നത്തെ പ്രസംഗികൾ പുരോഹിതന്മാരും കർമ്മികളും ഒക്കെ ആയി മാറിക്കാണും. അവർ ദൈവവചനം എന്ന ഭാവേന ദൈവിക വിശുദ്ധിക്ക് എതിരായ കാര്യങ്ങൾ സൂത്രത്തിൽ പ്രസംഗിച്ചാണ് ഇത്ര വലിയ പദവികളിൽ എത്തിച്ചേർന്നത്. അന്ന് ദൈവ വചനം പ്രസംഗിച്ച യിരമ്യാവോ, യെഹസ്ക്കേലോ എല്ലാവരും കഷ്ടതയുടെ പരമകാഷ്ടയിൽ കൂടി കടന്നു പോവുക യായിരുന്നു.

**ശാരീരിക വിശുദ്ധി**

നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആകുന്നു എന്ന് അറിയുന്നില്ലയോ 1 കൊരി 6:15, ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾ ക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ. ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ - 1 കൊരി.6:19-20.

റോബർട്സൺ എന്ന വ്യക്തി പറഞ്ഞി രിക്കുന്നത് 'ദൈവത്തെ ആത്മാവിൽ മഹത്വ പ്പെടുത്തുന്നതിനേക്കാൾ പ്രയാസമേറിയ കാര്യമാണ് ദൈവത്തെ ശരീരം കൊണ്ട് മഹത്വപ്പെടുത്തുക ' എന്നാണ്.

ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടു ത്തേണ്ട ആവശ്യമുള്ളതിനാലും ഓരോ പ്രത്യേക വിശ്വാസിയോടുള്ള ബന്ധത്തിൽ ദൈവം അത് ആഗ്രഹിക്കുന്നതിനാലും ആണ് ദൈവം ഇങ്ങനെ കൽപ്പിച്ചിരിക്കുന്നത്. ശാരീരിക വിശുദ്ധി ആത്മീക വിശുദ്ധിയോടും ഉപദേശ വിശുദ്ധിയോടും ബന്ധപ്പെട്ടതു തന്നെയാണ്. ഒരു വ്യക്തിയുടെ ആത്മീക നിലവാരത്തിനും ഉപദേശ ചിന്താഗതികൾ അഥവാ പഠിപ്പിക്കലുകൾക്ക് അനുസരണമായും ആയിരിക്കും ആ വ്യക്തി ശാരീരിക വിശുദ്ധി പാലിക്കുന്നത്.

നമ്മെ കാണുന്ന വ്യക്തി ആദ്യം നമ്മുടെ ശരീരമാണ് കാണുന്നത്. നമ്മുടെ സംസാരത്തിൽ നിന്നും പ്രവൃത്തിയിൽ നിന്നും ആത്മീക വിശുദ്ധി എത്രമാത്രമുണ്ട് എന്ന് അയാൾക്ക് മനസ്സിലാകുന്നു. ഉപദേശപരമായ വിശുദ്ധി വചനവുമായി തുലനം ചെയ്തു നാം പഠിപ്പിക്കുമ്പോൾ മാത്രമാണ് അയാൾക്ക് മനസ്സിലാകുന്നത് ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരാകുവിൻ ലേവ്യ:11:45. വിശുദ്ധിയെ സംബന്ധിച്ചിടത്തോളം നമ്മുടെ മാനദണ്ഡം, നമ്മോടുകൂടെ പഠിക്കുന്നവരോ, ജോലി ചെയ്യുന്നവരോ, അടുത്ത സമൂഹമോ, ഉപദേശിയോ അല്ല, യേശുക്രിസ്തു മാത്രമാണ്. എന്നാൽ ഉപദേശി തീർച്ചയായും വിശുദ്ധിയുടെ മാനദണ്ഡം ആയിരിക്കേണ്ടത് ആവശ്യമാണ്. പൗലോസ് 1 കൊരി 14:16ൽ എന്റെ അനുകാരികൾ ആകുവിൻ എന്നു പ്രബോധിപ്പിക്കുന്നു. മാതൃകയായ ജീവിതം നയിക്കുവാൻ സാധിച്ചതിനാലാണ് തനിക്ക് അങ്ങനെ പ്രബോധിപ്പിക്കുവാൻ സാധിച്ചത്. 2തെസ്സ: 3:7-9ൽ "ഞങ്ങളെ അനുകരിക്കേണ്ടത് എങ്ങനെ എന്നു നിങ്ങൾ അറിയുന്നുവല്ലോ, ഞങ്ങൾ നിങ്ങളുടെ ഇടയിൽ ക്രമംകെട്ടു നടന്നിട്ടില്ല; ആരുടെയും ആഹാരം വെറുതെ

അനുഭവിച്ചിട്ടില്ല. നിങ്ങളിൽ ആർക്കും ഭാരമായിത്തീരരുത് എന്നുവെച്ച് ഞങ്ങൾ അദ്ധ്വാനത്തോടും പ്രയാസത്തോടും കൂടെ വേല ചെയ്തു പോന്നത് അധികാരമില്ലാതിരുന്നിട്ടല്ല, അനുകരിപ്പാൻ നിങ്ങൾക്കു ഞങ്ങളെ മാതൃക യാക്കിത്തരേണ്ടതിനത്രേ.''

ക്രമമുള്ള നടപ്പ് അതാണ് പൗലോസ് ആദ്യമായി പറയുന്നത്. ദൈവത്തിനും ദൈവവചനത്തിനും ക്രമമുണ്ട്, അത് സാഹചര്യാധിഷ്ഠിതമല്ല. പക്ഷെ യാതൊരു ക്രമവും സാത്താനില്ല. ക്രമരഹിതമായ ജീവിതം പൈശാചികമാണ്. ക്രമമായ നടപ്പ് യോഗ്യ മായതും മാന്യമായതുമാണ്. ദൈവജനം മറ്റുള്ളവരുടെ മുൻപിൽ നടപ്പിൽ പരിഹാസ വിഷയമായിത്തീരരുത്. ലോകം നമ്മെ നാം ചിന്തിക്കുന്നതിൽ കൂടുതലായി ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നു. ഒരു ചെറിയ അപാകത ഒരു വ്യക്തിയെ മാത്രമല്ല ആ സമൂഹത്തെ മുഴുവനായി ബാധിക്കും, ആ സമൂഹത്തിന്റെ വഴിത്തിരിവിനും നാശത്തിനും പക്ഷേ ഒരു വ്യക്തി കാരണമായിത്തീരും. അതിന്റെ കുറ്റം നിന്റെ തലമേൽ വരുവാൻ ഇടയാകാതിരിക്കട്ടെ. സഭയിൽ ഒരു ക്രമം, വീട്ടിൽ മറ്റൊരു ക്രമം, സമൂഹത്തിൽ വേറൊന്ന്. ഇതു വിശ്വാസിക്കു യോജിച്ചതല്ല. പ്രസംഗവും പ്രവൃത്തിയും തമ്മിലുള്ള യോജിപ്പില്ലായ്മയും സമൂഹത്തിന്റെ വെറുപ്പിനു കാരണമാകും. നമ്മുടെ പ്രധാന പരാജയം ഇവിടെയാണ്.

ഒന്നാം സങ്കീർത്തനത്തിൽ നാലു കാര്യങ്ങൾ ഇതിനോടുള്ള ബന്ധത്തിൽ പറഞ്ഞിരിക്കുന്നു. (1) 'ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കാതിരിക്കുക.' ആരാണ് ദുഷ്ടന്മാർ, നീതിമാന്മാരല്ലാത്തവരെല്ലാം ദുഷ്ടന്മാരാണ്. നീതിമാൻ വിശുദ്ധനാണ്, നീതിമാൻ ദൈവഭക്തനാണ്, അവരുടെ ആലോചന വചനാനുസൃതവുമാണ്. ദുഷ്ടന്മാർ എല്ലാവരും ദുഷ്ടന്മാർ തന്നെ, അവരിൽ കുറച്ച് നീതിമാന്മാരില്ല. അതുകൊണ്ട് അവർ എത്ര നല്ലവരോ, വലിയവരോ ആയാലും അവരുടെ ആലോചന ഒരു വിശ്വാസിക്ക് തന്റെ ആത്മീകജീവിതത്തിന് പ്രയോജനകരമല്ല. (2) 'പാപികളുടെ വഴിയിൽ നിൽക്കാതെയും', എന്നു പറഞ്ഞാൽ അനുസരണം കെട്ടവനാ ണല്ലോ പാപി. അനുസരണം കെട്ടവന്റെ സ്ഥാനം വീടല്ല വഴിയാണ്. വീട്ടിൽ സമാധാനമുണ്ട്. വഴിയിൽ പ്രശ്നങ്ങളുണ്ട്. വഴിയിൽ നിൽക്കുന്നവന് ഭൗമികമായ പലതും കാണുവാൻ സാധിക്കും. ആസ്വദിക്കുവാൻ സാധിക്കും. അനുകരിക്കുവാൻ സാധിക്കും. വഴിയിൽ കാണുന്നതിനെ അനുകരിക്കുകയോ, പുകഴ്ത്തുകയോ, പിന്തുടരുകയോ ചെയ്യുന്നവനല്ല വിശ്വാസി. (3). 'പരിഹാസികളുടെ ഇരിപ്പിടത്തിൽ' ഇരിക്കാത്തവൻ. പരിഹാസി ദൈവത്തെ പരിഹസിക്കും, ദൈവജനത്തെ പരിഹസിക്കും, ദൈവജനത്തിന്റെ നടപ്പും, വിശുദ്ധ ജീവിതവും എല്ലാം അവന്റെ പരിഹാസവിഷയങ്ങളാണ്. അവന്റെ തമാശകൾ യഥാർത്ഥത്തിൽ പരിഹാസ ശരങ്ങളാണ്. പിശാചിന്റെ വില്ലുപയോഗിച്ചാണ് അവൻ ശരങ്ങൾ എയ്യുന്നത്. അതു പാടില്ല; പിന്നെ എന്തു വേണം എന്നു കൂടി അടുത്ത വാക്യത്തിൽ പറയുന്നു. 'യഹോവയുടെ ന്യായ പ്രമാണം ധ്യാനിക്കുക'. കൂടുതൽ കൂടുതൽ വിശുദ്ധിയിലേക്കു വരുവാൻ അതു സഹായിക്കും. അതാണ് ദൈവം ആഗ്രഹിക്കുന്നത്. ഉദാഹരണമായി മോശ ഉപേക്ഷണം അനുവദിച്ചു എങ്കിലും ദൈവം അതാഗ്രഹിച്ചിരുന്നില്ല. ന്യായപ്രമാണം ധ്യാനിച്ചിരുന്നുവെങ്കിൽ ദൈവിക സൃഷ്ടിയും അതിന്റെ രീതിയും അവർക്ക് മനസ്സിലായി കൂടുതൽ ദൈവഹിതമനുസരിച്ചു ജീവിക്കുവാൻ സാധിക്കുമായിരുന്നു. ഇന്നും ഇതുതന്നെ ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ചുറ്റുപാടുകളെ അനുകരിക്കുവാൻ പറ്റിയ വാക്യങ്ങൾ മാത്രം അന്വേഷിക്കുന്നു. ദൈവഹിതം അന്വേഷിപ്പാൻ മനസ്സു വെക്കുന്നില്ല. അതുകൊണ്ട് അനേകർ ദൈവിക വിശുദ്ധിയിൽ നിന്നും അകന്നു പോകുന്നു. നടപ്പിലെ നിഷ്കളങ്കത്വം ഇല്ലാതാകുന്നു. വിശ്വാസി സാഹചര്യങ്ങളെ അനുകൂലിക്കുന്നവനോ ചുറ്റുപാടുകളെ പിന്തുടരുന്നവനോ ആയിക്കൂടാ.

(തുടരും)

# പരിശുദ്ധാത്മാവും കൈസര്യയും

ബെൻസൺ ബാബു, മീമ്പാറ
9496579624

ശമര്യ, കൈസര്യ, എഫസോസ് ആദിയായ സ്ഥലങ്ങളിലെ പരിശുദ്ധാത്മ പ്രാപണം സംബന്ധിച്ച സംഭവങ്ങൾ നടന്നതിന് ശേഷമാണ് പ്രസ്തുത വിഷയം സംബന്ധിച്ച് ഒരു ഏകീകൃത ഉപദേശം സഭയ്ക്ക് ലഭിച്ചത്. പുതിയ നിയമ സഭ പരിശുദ്ധാത്മപ്രാപണം സംബന്ധിച്ച ഉപദേശം സ്വീകരിക്കേണ്ടത് ഈ ചരിത്ര സംഭവങ്ങളിൽ നിന്നാണോ അതോ പ്രസ്തുത വിഷയം സംബന്ധിച്ച പൂർണ്ണവും ഏകീകൃതവുമായ രേഖയായ ലേഖനങ്ങളിൽ നിന്നോ?

21 ലേഖനങ്ങളെ ദൈവസഭയുടെ പ്രമാണങ്ങളായി കരുതുന്ന സത്യ വിശ്വാസിക്ക് ഈ ചോദ്യത്തിന് ഉത്തരം പറവാൻ വളരെ എളുപ്പമാണ്. എന്നാൽ ലേഖനങ്ങളെ സഭയുടെ പ്രമാണങ്ങളായി വിശ്വസിക്കുകയും, പ്രായോഗികതയിൽ അതിന് വിരുദ്ധമായ ഒരു നിലപാടെടുക്കുകയും ചെയ്യുന്നവർക്ക് ഈ ചോദ്യത്തിൻ മുൻപിൽ പടപ്പിൽ തല്ലേണ്ടി വരും. തിരുവചനത്തിലെ ഒരു പ്രമാണവും ഒരു സംഭവവും തമ്മിൽ വൈരുദ്ധ്യം തോന്നിയാൽ, പ്രമാണത്തിനാണ് പ്രാമുഖ്യം നൽകേണ്ടത്. വ്യാഖ്യാന ശാസ്ത്രത്തിലെ അതിപ്രധാന നിയമമാണിത്. ഉദാഹരണമായി "ഒരു വിഗ്രഹം ഉണ്ടാക്കരുത്, മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിയുടെ കീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത് " (പുറ.20:4). ഇത് ഒരു കാലത്തും ലംഘിച്ചു കൂടാത്ത ദൈവീക പ്രമാണമാണ്. ഈ പ്രമാണം നൽകിയ അതേ ദൈവത്തിന്റെ കൽപ്പനയാൽ മോശെ താമ്രം കൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി കൊടി മരത്തിൻമേൽ തൂക്കി. (സംഖ്യ 21:9). ഇതൊരു പ്രത്യേക സാഹചര്യത്തിൽ നടന്ന, ആവർത്തിക്കപ്പെടുവാൻ പാടില്ലാത്ത സംഭവമാണ്. എന്നാൽ എപ്പോഴും ദൈവീക പ്രമാണത്തോട് മത്സരിക്കുന്ന യിസ്രായേല്യർ ഈ പ്രത്യേക സംഭവത്തെ ഒരു ഉപദേശമാക്കി. പിന്നീട് ഹിസ്ക്കീയ രാജാവ് ഈ വിഗ്രഹത്തെ നശിപ്പിക്കുന്നത് വരെ യിസ്രായേൽ മക്കൾ അതിന് ധൂപം കാട്ടി വന്നു. (2 രാജാ 18:4); എത്ര ശോചനീയമായ അവസ്ഥ!! നെഹുഷ്ഠാൻ എന്ന കാതിനിമ്പകരമായ നാമത്തിൽ ദൈവജനത്തിന് ആ താമ്ര സർപ്പം ആരാധനാ വിഷയമായി തീർന്നു.

ഈ കൃപായുഗത്തിലെ ദൈവജനവും ഇതുപോലുള്ള എത്രയോ നെഹുഷ്ഠാന് മുമ്പിൽ ധൂപം കാട്ടുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പരിശുദ്ധാത്മപ്രാപണം സംബന്ധിച്ച, ആവർത്തിക്കപ്പെടുവാൻ ആവശ്യമില്ലാത്ത സംഭവങ്ങളെ പുതിയ നിയമ പ്രമാണങ്ങൾ അവഗണിച്ച് നെഹുഷ്ഠാൻ ആക്കി മാറ്റിയതിൽ പെന്തക്കോസ്തുകാർ ദൈവത്തോട് കണക്ക് പറയേണ്ടി വരും.

ശമര്യയിലെ ജനങ്ങൾ വിശ്വസിച്ച് സ്നാനമേറ്റതിന് ശേഷമാണ് പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നത്. എന്നാൽ കൈസര്യയിൽ വിശ്വസിച്ച് പരിശുദ്ധാത്മാവിനെ പ്രാപിച്ചതിന് ശേഷമാണ് സ്നാനമേൽക്കുന്നത്. ഈ രണ്ട് സംഭവങ്ങളിൽ ഏതാണ് പെന്തക്കോസ്തുകാർ തങ്ങളുടെ പ്രമാണമായി സ്വീകരിക്കുന്നത്. ശമര്യയിലേതു സ്വീകരിച്ചാൽ കൈസര്യ സംഭവത്തിൽ എന്ത് വിശദീകരണം നൽകും. കൈസര്യയിലേത് സ്വീകരിച്ചാൽ ശമര്യ സംഭവത്തിൽ എന്തു വിശദീകരണം നൽകും. ഇനി ഈ രണ്ടു സംഭവങ്ങളും ഇന്നും ആവർത്തിക്കപ്പെടുവാൻ സാധ്യതയുണ്ടെന്ന് പറഞ്ഞാൽ, പരിശുദ്ധാത്മപ്രാപണം സംബന്ധിച്ച ലേഖനങ്ങളിലെ ഉപദേശങ്ങൾക്ക് എന്ത്

വ്യാഖ്യാനം നൽകും? രക്ഷക്കായി ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ പരിശുദ്ധാത്മാവിനെ പ്രാപിക്കാം എന്നതാണല്ലോ പുതിയ നിയമ പ്രമാണം (ഗലാ 3:2,14; 4:6; എഫേ. 1:13,14).

ചരിത്ര സംഭവങ്ങളെ, ചരിത്ര സംഭവങ്ങളായും ഉപദേശത്തെ ഉപദേശമായും വ്യാഖ്യാനിച്ചാൽ തീരുന്ന പ്രശ്നമേ ഇവിടെയുള്ളു. പക്ഷെ അങ്ങനെ വ്യിഖ്യാനിച്ചാൽ സ്വന്ത സഭയുടെ/ സമുദായത്തിന്റെ നിലനിൽപ്പ് അപകടത്തിലാവും എന്നതാണ് പെന്തക്കോസ്തുകാരെ കുഴക്കുന്ന സംഗതി. അതുകൊണ്ട് തന്നെ ഇരിക്കുന്ന കൊമ്പ് മുറിച്ചു കൊണ്ടുള്ള ഒരു മടങ്ങി വരവിന് സഭാ നേതൃത്വം തയ്യാറാവുകയില്ല.

**കൈസര്യ സംഭവം :-**

AD 34-ൽ ശമര്യരുടെ സഭാ പ്രവേശനത്തിനു ശേഷം ഏകദേശം 7 വർഷങ്ങൾ കഴിഞ്ഞ് AD 41-ലാണ് കൈസര്യാ സംഭവം നടക്കുന്നത്. വിജാതീയരുടെ സഭാ പ്രവേശനമാണ് അവിടെ നടന്നത്. അന്യജാതിക്കാരന്റെ അടുക്കൽ ചെല്ലുന്നതും, അവരുമായി പെരുമാറ്റം ചെയ്യുന്നതും യഹൂദർക്ക് നിഷിദ്ധമാണ്. കാരണം യഹൂദനെ സംബന്ധിച്ചിടത്തോളം വിജാതീയൻ അശുദ്ധനും മലിനനുമാണ് (പ്രവൃത്തി.10:28). എന്നാൽ യഹൂദനേയും ശമര്യനേയും മാത്രമല്ല വിജാതീയനേയും ഏകശരീരത്തിന്റെ അംഗങ്ങളാക്കി മാറ്റുക എന്നുള്ളത് അനാദി കാലം മുതൽ അനാദിയായ ദൈവത്തിന്റെ ഹൃദയത്തിലെ പദ്ധതിയായിരുന്നു. അതിൻ പ്രകാരം പരിശുദ്ധാത്മ സ്നാനത്താൽ രൂപീകൃതമായ ഏകശരീരമായ ദൈവസഭയിലേക്കുള്ള വിജാതീയന്റെ പ്രവേശനമാണ് അ:പ്രവൃത്തി 10-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

യോപ്പയിൽ തോൽക്കൊല്ലനായ ശീമോന്റെ വീട്ടിൽ പാർത്തിരുന്ന യഹൂദനായ പത്രോസിന് വിജാതിയരോടുള്ള മനോഭാവം മാറ്റുന്നതിനായി ദൈവം ഒരു ദർശനം നൽകുന്നതായി അ.പ്രവൃ.10:9-16-ൽ നാം വായിക്കുന്നു. തുടർന്ന് കൈസര്യയിൽ കൊർന്നല്ല്യോസിന്റെ വനത്തിൽ എത്തിയ പത്രോസ് ആ ദർശനത്തെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. എങ്കിലും ഒരു മനുഷ്യനേയും മലിനനോ അശുദ്ധനോ എന്നു പറയരുതെന്ന് ദൈവം എനിക്ക് കാണിച്ചു തന്നിരിക്കുന്നു . (10:29). പിന്നീട് ആ ഭവനത്തിൽ പത്രോസ് നൽകിയ ശക്തമായ സുവിശേഷ സന്ദേശത്തിന്റെ അന്തസത്ത ലൂക്കോസ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്ന് സകല പ്രവാചകന്മാരും പറയുന്നു (10:43). വചനം കേട്ട എല്ലാവരും അത് വിശ്വസിക്കുകയും തൽക്ഷണം പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്തു. പത്രോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക. "നമ്മെപ്പോലെ പരിശുദ്ധാത്മാവ് ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചു കൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴിയും"(10:47).

**കൈസര്യ സംഭവം : ഒരു വിശദീകരണം.**

പത്രോസ് ദൈവിക നിയോഗ പ്രകാരം കൊർന്നല്ലോസിന്റെ ഭവനത്തിലേക്ക് പോകുമ്പോൾ പരിച്ഛേദനക്കാരായ 6 വിശ്വാസികളും (യഹൂദ ക്രിസ്ത്യാനികൾ) തന്നോടു കൂടെ പോയിരുന്നു (അ:പ്രവൃത്തി.11:12) ശമര്യയിലേക്കുള്ള ഫിലിപ്പോസിന്റെ പ്രവേശനത്തേക്കാൾ ഇരട്ടി അപകടകരമായിരുന്നു വിജാതീയനായ കൊർന്നല്ല്യോസിന്റെ ഭവനത്തിലേക്കുള്ള പത്രോസിന്റെ പ്രവേശനം. വിജാതീയന്റെ ഭവനത്തിൽ പ്രവേശിക്കുന്നതും അവരുമായി ഒരുമിച്ച് ക്ഷണം കഴിക്കുന്നതും ഒരിക്കലും ഒരു യഹൂദന് അംഗീകരിക്കാനാവാത്ത കാര്യമാണ് (11:3). എന്നാൽ സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ലഭിച്ചിരിക്കുന്ന പത്രോസിന് (മത്തായി 16:18) ദൈവാത്മാവിന്റെ കൽപ്പന അവഗണിക്കാനാവുമായിരുന്നില്ല.

ശമര്യരിൽ നിന്നും രക്ഷിക്കപ്പെട്ട് വരുന്നവരെ അവഗണിക്കുവാനോ തള്ളിക്കളയുവാനോ ഇപ്പോൾ ഒരു യഹൂദ വിശ്വാസിക്കു സാധ്യമല്ല. കാരണം, ആത്മ സ്നാനത്താൽ രൂപീകൃതമായ ഏകശരീരത്തിൽ അവരും അവയവങ്ങളാണ് എന്ന സത്യം വിശ്വസിക്കണമെങ്കിൽ അടയാളം ആവശ്യമായിരിക്കുന്ന യഹൂദന് ലഭിച്ചു കഴിഞ്ഞു.

യഹൂദന്മാരെ വിശുദ്ധീകരിച്ച ദൈവം, ജാതികളേയും വിശുദ്ധീകരിക്കുകയും അവർക്കും പരിശുദ്ധാത്മാവിനെ നൽകുകയും ചെയ്തു എന്ന സത്യം നിങ്ങൾ (യഹൂദന്മാർ) അറിഞ്ഞു എന്ന് പത്രോസ് സാക്ഷ്യപ്പെടുത്തുന്നു. ഈ അറിവ് യഹൂദ ക്രിസ്ത്യാനികൾക്ക് എങ്ങിനെയാണ് ഉണ്ടായത്? പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെ മേലും ദൈവം പകർന്നു എന്ന് പത്രോസിനോട് കൂടെ കൈസര്യയിലേക്കു പോയ പരിച്ഛേദനക്കാരായ വിശ്വാസികൾ മനസ്സിലാക്കുവാനും അംഗീകരിക്കുവാനും ശമര്യയിലേതു പോലെ ദൈവം അവിടേയും ഒരടയാളം നൽകി. അന്യഭാഷ എന്ന അടയാളം (പ്രവൃത്തികൾ 10:45). തങ്ങൾ അന്യഭാഷകളിൽ സംസാരിച്ചതുപോലെ വിജാതീയരും അന്യഭാഷകളിൽ സംസാരിക്കുന്നതു കണ്ട് പരിച്ഛേദനക്കാരായ വിശ്വാസികൾ വിസ്മയിച്ചു എന്നാണ് പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത്. ജാതികളേയും ദൈവം അംഗീകരിക്കുകയും, ശുദ്ധീകരിക്കുകയും ചെയ്തു എന്ന സത്യം മനസ്സിലായപ്പോഴാണ് അവർ വിസ്മയിച്ചത്. കൊർന്നല്ലോസിന്റെ ഭവനത്തിൽ സംഭവിച്ചത് പരിശുദ്ധാത്മ സ്നാനത്തിന്റെ ആവർത്തനമായിരുന്നില്ല. പെന്തക്കോസ്തു നാളിൽ സംഭവിച്ചതുപോലെ കൊടിയ കാറ്റടിക്കുന്നതുപോലെയുള്ള മുഴക്കമോ, അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകളുടെ പ്രത്യക്ഷതയോ ഒന്നും അവിടെ സംഭവിച്ചിട്ടില്ല. പക്ഷെ പത്രോസിനോടു കൂടെ വന്ന പരിച്ഛേദനക്കാരായ വിശ്വാസികൾക്ക്, പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെ മേലും പകർന്നു എന്ന് മനസ്സിലാക്കുവാനായി ഒരടയാളം നൽകി. അന്യഭാഷ എന്ന അടയാളം. ആ അടയാളം കണ്ടതുകൊണ്ടു മാത്രമാണ് ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം ഒരുക്കിയിരിക്കുന്നു എന്ന സത്യം വിജാതീയരുടെ ശത്രുക്കളായ യഹൂദന്മാർ മനസ്സിലാക്കിയതും അവർ അംഗീകരിച്ചതും. അന്യഭാഷ എന്ന അടയാളം കണ്ടില്ലായിരുന്നുവെങ്കിൽ ഒരിക്കലും ജാതികളുടെ പരിശുദ്ധാത്മ പ്രാപണവും ദൈവം അവരേയും സഭാംഗങ്ങളായി തിരഞ്ഞെടുത്തിരി സഭയുടെ അടിസ്ഥാന പണിക്കാരായ അപ്പോസ്തോലർ ആ സത്യം സ്ഥിരീകരിക്കുകയും ചെയ്തു. (അ.പ്രവൃത്തി.8:5-17). ഇനി വിജാതീയർ, ആരാണ് വിജാതീയർ? പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക. ..ജഡത്തിൽ കൈകൊണ്ടുള്ള പരിച്ഛേദന ഏറ്റവരായ പരിച്ഛേദനക്കാരാൽ അഗ്രചർമ്മികൾ എന്ന് വിളിക്കപ്പെടുന്നവർ, ക്രിസ്തുവിനെ കൂടാതെയുള്ളവർ, യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്തവർ, വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യർ, പ്രത്യാശയില്ലാത്തവർ, ഈ ലോകത്തിൽ ദൈവമില്ലാത്തവർ, ദൂരസ്ഥർ .. .. .. (എഫെ 2:11-13) വിശേഷണങ്ങൾ ഇനിയുമുണ്ട്. ഇത്രയേറെ അയോഗ്യതകളുള്ളവരെ ദൈവം അംഗീകരിക്കുന്നു എന്നും ശുദ്ധീകരണത്തിന്റെ കാര്യത്തിൽ യഹൂദനും വിജാതീയനും തമ്മിൽ ദൈവം യാതൊരു വ്യത്യാസവും വച്ചിട്ടില്ല എന്നുമുള്ള സത്യം യഹൂദർ അംഗീകരിക്കുന്നത് എങ്ങിനെയാണ്. ഒരു സുപ്രഭാതത്തിൽ വിജാതീയർ യഹൂദ ക്രിസ്ത്യാനികളുടെ അടുക്കൽ വന്ന് ഞങ്ങളും പരിശുദ്ധാത്മാവിനെ പ്രാപിച്ചിരിക്കുന്നു, അതിനാൽ നമുക്കു തമ്മിൽ യാതൊരു വ്യത്യാസവുമില്ല, ഞങ്ങളും ദൈവസഭയുടെ അംഗങ്ങളാണ് എന്നു പറഞ്ഞാൽ കേട്ട മാത്രയിൽ 'പ്രെയ്സ് ദ ലോഡ്' എന്നു പറഞ്ഞ് വിജാതീയനെ കെട്ടിപ്പിടിച്ച് ചുംബിക്കുവാനും, ഒരുമിച്ചിരുന്ന് അപ്പം മുറിക്കുവാനും മാത്രം ഹൃദയ വിശാലതയുള്ളവരായിരുന്നോ യരുശലേമിലെ ക്രിസ്ത്യാനികൾ? പത്രോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക. . . . . . .

സഹോദരന്മാരെ കുറെനാൾ മുമ്പെ ദൈവം നിങ്ങളിൽ വച്ചു ഞാൻ മുഖാന്തിരം ജാതികൾ സുവിശേഷ വചനം കേട്ടു വിശ്വസിക്കണം എന്ന് നിശ്ചയിച്ചത് നിങ്ങൾ അറിയുന്നുവല്ലോ. ഹൃദയങ്ങളെ അറിയുന്ന ദൈവം നമുക്ക് തന്നതുപേലെ അവർക്കും പരിശുദ്ധാത്മാവിനെ കൊടുത്തുകൊണ്ട് സാക്ഷി നിന്നു, വിശ്വാസത്താൽ അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചതിനാൽ നമുക്കും അവർക്കും തമ്മിൽ ഒരു വ്യത്യാസവും വച്ചിട്ടില്ല. (അ.പ്രവൃത്തി 15:7-9).

ക്കുന്നു എന്ന സത്യവും യഹൂദ ക്രിസ്ത്യാനികൾ അംഗീകരിക്കുകയില്ലായിരുന്നു. അങ്ങനെ ഒരംഗീകരണം അന്ന് സംഭവിച്ചിരുന്നില്ലെങ്കിൽ ഇന്നത്തെ സ്ഥിതിവിശേഷം എന്താകു മായിരുന്നു? തുടർന്ന് യരുശലേമിൽ ഈ പ്രത്യേക സംഭവത്തെക്കുറിച്ച് യഹൂദ ക്രിസ്ത്യാനികൾ വാദ പ്രതിവാദം നടത്തിയപ്പോൾ യാക്കോബ് പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക. ദൈവം തന്റെ നാമത്തിനായി ജാതികളിൽ നിന്നും ഒരു ജനത്തെ എടുത്തു കൊൾവാൻ ആദ്യമായിട്ടു കടാക്ഷിച്ചത് ശിമോൻ വിവരിച്ചുവല്ലോ (പ്രവൃ.15:19).

ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് യഹൂദ വിജാതീയ വ്യത്യാസം കൂടാതെ പരിശുദ്ധാത്മാവിനെ ലഭിക്കുന്നു എന്ന സത്യമാണ് കൈസര്യയിൽ വെളിപ്പെട്ടത്. വിശ്വസിക്കുന്ന വിജാതീയർക്കും പരിശുദ്ധാത്മാവിനെ പ്രാപിക്കാമെന്നും, സഭാപ്രവേശനം സാധ്യമാണ് എന്നുമുള്ള തിരുവചന സത്യം AD 41-ൽ കൈസര്യയിൽ വച്ച് വെളിപ്പെട്ട് കഴിഞ്ഞതിനാൽ പ്രസ്തുത സംഭവം സഭയുടെ പരിവർത്തനകാലത്തെ പ്രത്യേക സംഭവമാണ് എന്ന് മനസ്സിലാക്കുവാൻ സാമാന്യ ജ്ഞാനം മതി. ക്രിസ്തുവിൽ വിശ്വസിക്കുന്ന നിമിഷം തന്നെ നാം ദൈവമക്കളായി തീരുന്നു (ഗലാ.3:26). നിങ്ങൾ മക്കൾ ആകകൊണ്ട് അബ്ബാ പിതാവെ എന്ന് വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നിങ്ങളുടെ ഹൃദയങ്ങളിൽ അയച്ചു (ഗലാ.4:6).

●

ഭാര്യ മുന്തിരി വള്ളി പോലെ ഭർത്താവാകുന്ന താങ്ങുതടിയിൽ ചുറ്റി ആശ്രയിച്ച് വീട്ടിനകത്ത് പെരുമാറണം എന്നു പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്ന പുരുഷന്മാരുടെ ഭാര്യമാരുടെ സ്ഥാനം അടുക്കളയിൽ മാത്രമായിരിക്കാനേ കഴിയുകയുള്ളു - പി.പി. സ്കറിയ, കോഴിക്കോട്

128-ാം സങ്കീർത്തനത്തെ പരിഹസിക്കുന്ന ഒരു വചന വിരോധ പ്രസ്താവനയായി ഇതിനെ കണക്കാക്കാം. യഹോവയെ ഭയപ്പെട്ട് അനുസരിച്ചു നടക്കുന്നവന്റെ കാര്യമാണ് 128-ാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നത്. യഹോവയെ ഭയപ്പെടാത്തവന്റെ കാര്യം തീർച്ചയായും വത്യസ്ഥമായിരിക്കും. അവന്റെ ഭാര്യ വീടിനകത്തായിരിക്കില്ല; വീടിനു പുറത്തായിരിക്കും. അവൾ മുന്തിരിവള്ളി ആയിരിക്കില്ല; മുള്ളുമുരിക്കായിരിക്കും. മക്കൾ മേശക്കു ചുറ്റും ആയിരിക്കില്ല; നാട്ടിൽ ചുറ്റുകയായിരിക്കും. അനുഗ്രഹം അവന് അന്യമായിരിക്കും. നന്മക്കു പകരം അവൻ തിന്മ കാണും. മക്കളെ കാണാൻ കിട്ടുകയില്ല, പിന്നെ മക്കളുടെ മക്കളെ കാണാം എന്ന പ്രത്യാശയും അവനുണ്ടായിരിക്കില്ല.

തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം ദൈവം മനുഷ്യന് നൽകിയിട്ടുണ്ടല്ലോ.

**ചോദ്യം** സ്നാനപ്പെടുന്നവരെക്കൊണ്ട് ആഭരണം ഊരിക്കണമെന്ന് വേദപുസ്തകം പഠിപ്പിക്കുന്നില്ല. അങ്ങനെ ചിലർ ചെയ്യുന്നത് തെറ്റല്ലേ. അത് അവർ സ്വയം മനസ്സിലാക്കി ചെയ്യേണ്ടതല്ലേ?

**ഉത്തരം**: സ്നാനപ്പെടുന്നവരെക്കൊണ്ട് മദ്യപാനം നിർത്തിക്കുന്നതും പുകവലി, കഞ്ചാവ് തുടങ്ങിയ ലഹരി വസ്തുക്കൾ നിർത്തിക്കുന്നതിനും വേദപുസ്തകത്തിൽ കൽപ്പന ഇല്ല. ആ സ്ഥിതിക്ക് സ്വയം മനസ്സിലാക്കുന്നതു വരെ സഭയിലും വെളിയിലും അങ്ങനെയുള്ളവർ അതു തുടരുന്നതായിരിക്കുമല്ലോ നല്ലത്.

# തന്നിഷ്ടം, പൊന്നിഷ്ടം, നിന്നിഷ്ടം തിരുവിഷ്ടം

**തോമസ് മത്തായി, ആനിക്കാട്**
**9446754007**

ഇഷ്ടങ്ങളും, ഇഷ്ടക്കേടുകളും മനുഷ്യ ജീവിതത്തിൽ സാധാരണമാണ്. എന്റിഷ്ടമായിരിക്കുകയില്ല വേറൊരാളിന്റെ ഇഷ്ടം. എന്റെയിഷ്ടം പൊന്നിഷ്ടമായി എനിക്ക് തോന്നിയാൽ, അത് തന്നിഷ്ടമയി വേറൊരാൾക്ക്. തോന്നും. ഇരുവരും പിന്നീട് സമാധാനിക്കുന്നതാണ് - നിന്നിഷ്ടം, തിരുവിഷ്ടം പോലെയാകട്ടെ എന്ന്. എങ്കിൽ മാത്രമെ ഏകദേശ ധാരണയും, ഐക്യതയും നിലനിർത്തി ജീവിക്കുവാൻ കഴിയൂ എന്നത് ഒരു യാഥാർത്ഥ്യമാണ്.

യിസ്രായേലിന്റെ ജീവിതത്തിലെ അനേക തന്നിഷ്ടങ്ങളെക്കുറിച്ച് നാം വായിക്കുന്നുണ്ട്. അത് അവർക്ക് പൊന്നിഷ്ടമായിരുന്നു, എങ്കിലും തിരുവിഷ്ടമായിരുന്നില്ല.

മസ്രയിം ദേശത്തു നിന്നും കൊണ്ടുവന്ന ദൈവത്തെ മറന്നു, കാളക്കുട്ടിയെ വാർത്തുണ്ടാക്കി, അതിന്റെ മുമ്പിൽ യാഗപീഠം പണിതു വിളിച്ചു പറഞ്ഞു: യഹോവക്ക് ഉത്സവം . യഹോവയുമായി യാതൊരു ബന്ധവുമില്ലാത്ത ഉത്സവം അഥവാ ആരാധന. യഹോവയുടെ പേരിൽ തന്നിഷ്ട പ്രകാരമുള്ള ആരാധന! യഹോവ എപ്രകാരം ഇതിൽ പ്രസാദിക്കും? ചിന്തിക്കുക. . . . . ആത്മീയ ഗോളത്തിൽ ഇന്നു കാണുന്നതായ ആരാധന - കൂടിവരുന്നവരുടെ മനോഭാവം, രീതി, ഇവയെല്ലാം - തിരുവിഷ്ട പ്രകാരമാണോ? 'നിന്നിഷ്ടം ദേവാ ആകണമേ....' എന്ന് ആത്മാർത്ഥമായി പാടുവാൻ കഴിഞ്ഞിരുന്നെങ്കിൽ, ദൈവവുമായുള്ള ബന്ധം നിലനിർത്തി പോകുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന പ്രധാന ഘടകം ജീവനെക്കുറിച്ചുള്ള ആശങ്കയും/ആഗ്രഹവും ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠയുമാണ്. അതുകൊണ്ട് തന്നെ, ദൈവത്തിനും, മനുഷ്യർക്കും ഇടയിൽ നിൽക്കുവാൻ ഒരു യോഗ്യനെ മനുഷ്യർ ആഗ്രഹിക്കുന്നു.

ദൈവം തെരഞ്ഞെടുത്ത ജാതിയായ യിസ്രായേലിൽ മാത്രമല്ല, സകല മനുഷ്യരും ഇവ ആഗ്രഹിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള അറിവ് നൽകുവാൻ, അവനായി പ്രാർത്ഥിക്കുവാനും, മരിക്കുമ്പോൾ അവനെ ദൈവത്തിങ്കൽ എത്തിക്കുവാനും, ദൈവത്തിനും, മനുഷ്യർക്കും മദ്ധ്യേ നിൽക്കുവാൻ ഒരു പുരോഹിതൻ വേണം. ഈ പുരോഹിതനെ അച്ചനെന്നോ, പാസ്റ്റർ എന്നോ, പുജാരിയെന്നോ, ഗുരുവെന്നോ, സിദ്ധൻ എന്നോ, പുണ്യാളൻ എന്നൊക്കെയുള്ള വിശേഷണ നാമങ്ങളാൽ അറിയപ്പെടുന്നു.

സംഭവിപ്പാനുള്ളത് അറിയിക്കുവാൻ ഒരു പ്രവാചകൻ വേണം. ആദ്ധ്യാത്മിക മണ്ഡലത്തിൽ ഇങ്ങനെയുള്ളവരെ വെളിച്ചപ്പാട്, ദർശകൻ, ജോത്സ്യൻ, ഹസ്തരേഖാ വിദഗ്ധൻ, ദൂത് അറിയിക്കുന്നവർ . . . എന്നിങ്ങനെ വിളിച്ച് ബഹുമാനിക്കുന്നു.

ഇനിയും അവനെ രക്ഷിക്കുവാനും, സുരക്ഷിതമായി, സ്വസ്ഥമായി ഈ ഭൂമിയിൽ ഭരിക്കുവാനും ഒരു നായകൻ വേണം. അവരെ ഭരണകർത്താക്കൾ, അധികാരികൾ, മതനേതാക്കന്മാർ, പരദേവതകൾ, ഇഷ്ട ദൈവങ്ങൾ, പ്രാദേശിക - സാങ്കൽപ്പിക ദൈവങ്ങൾ.... എന്നിങ്ങനെ പല സ്ഥാനങ്ങളിലും, പേരുകളിലും അറിയപ്പെടുന്നു.

മനുഷ്യന്റെ സകല ആവശ്യങ്ങളും അറിയുന്ന ദൈവം, തിരുവിഷ്ട പ്രകാരം ചെയ്തു തരേണ്ട കാര്യങ്ങളെ, മനുഷ്യർ തന്നിഷ്ട പ്രകാരം ചെയ്തു കൂട്ടി സംതൃപ്തി അടയുന്നു. ഈ വക കാര്യങ്ങളിൽ അകപ്പെട്ട് ഇരുട്ടിൽ ഇരിക്കുന്നതിന് മനുഷ്യന് പരാതിയില്ല. ആരും തങ്ങളെ സത്യത്തിലേക്കും, വെളിച്ചത്തിലേക്കും നയിക്കരുത് എന്ന ശാഠ്യം മാത്രമാണ് സമൂഹത്തിൽ കാണുന്നത്.

മനുഷ്യരുടെ ഈ മൂന്ന് ആവശ്യങ്ങളും, ദൈവം കർത്താവായ യേശു ക്രിസ്തുവിൽ കൂടെ നൽകി. ദൈവത്തിനും, മനുഷ്യർക്കും മദ്ധ്യസ്ഥൻ ഒരുവൻ. എല്ലാവർക്കും വേണ്ടി തന്നെത്താൻ മറുവിലയായി കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ 1 തിമോ. 2:4–6.

പുരോഹിതനേയും, പ്രവാചകനേയും, രാജാവിനേയും തന്റെ ഇഷ്ടപ്രകാരം ദൈവം നൽകി എങ്കിൽ, ഇന്നത്തെ ക്രൈസ്തവ ഗോളത്തിൽ ഈ മൂന്ന് സ്ഥാനക്കാരെയും തെരഞ്ഞെടുക്കുന്നതും, വാഴിക്കുന്നതും, സ്വയം അവകാശപ്പെടുന്നതും എല്ലാം തന്നിഷ്ടം അല്ലാതെ തിരുവിഷ്ടമോ, ദൈവേഷ്ടമോ ആകുന്നത് എങ്ങനെ? ഇവയെല്ലാം അവരവർക്ക് പൊന്നിഷ്ടമായി തോന്നുന്നു. സത്യം അന്വേഷിക്കാത്തതു മൂലം; സത്യം അംഗീകരിക്കാത്തതുകൊണ്ട്. “ന്യായ പ്രമാണത്തിന്റെയും പ്രവാചകന്മാരു ടെയും കാലം യോഹന്നാൻ സ്നാപകൻ വരെ ആയിരുന്നു.” ലൂക്കോ.16:16. പുതിയ നിയമ സഭയിൽ പ്രവാചകന്മാർ ഉണ്ട് എങ്കിൽ ന്യായപ്രമാണ രീതികളും ഉണ്ടാകണമല്ലോ. ന്യായ പ്രമാണ ആചാരങ്ങൾ പാടില്ല, പ്രവാചകന്മാർ ആകട്ടെ എന്ന് ചിന്തിക്കുന്നതും പഠിപ്പിക്കുന്നതും തന്നിഷ്ടം അല്ലാതെ എന്ത്?

മനുഷ്യ വർഗ്ഗത്തിനും, ഭൂമിക്കും ഭാവിയിൽ സംഭവിക്കുവാനിരിക്കുന്നത് സകലതും പുത്രൻ മുഖാന്തിരം ലോകത്തെ അറിയിച്ചു കഴിഞ്ഞു. “അവൻ അവരേക്കാൾ ശ്രേഷ്ഠനായി തീരുകയും ചെയ്തു.” എബ്രാ.1: 1–4.

ആകയാൽ, ദൈവം അയച്ച പുരുഷനായ യേശുക്രിസ്തു എന്ന ശ്രേഷ്ഠനെ പിൻതുടരുന്നതാണ് ഉത്തമം. ലോകത്തിൽ ശ്രേഷ്ഠ, പരിശുദ്ധ, നിതാന്ത, വന്ദ്യ, റവ.........എന്നിങ്ങനെ പല പദവികളും മനുഷ്യരുടെ ഇഷ്ടത്താൽ രൂപപ്പെട്ടതാണ് എന്ന് വ്യക്തം.

ലോകത്തെ നീതിയോടെ ഭരിക്കുവാൻ വരുന്ന രാജാവിന്റെ പ്രജകൾ എന്ന് കരുതുന്നവർ എങ്കിലും, രാജാവിന്റെ ഇഷ്ടപ്രകാരം ക്രിസ്തീയ ജീവിതം നയിച്ചിരുന്നു എങ്കിൽ .. .. അങ്ങനെയുള്ളവരാണ് പ്രാർത്ഥിക്കേണ്ടി യത്. “നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും (എന്നിലും) ആകേണമേ.....” അവർ പാടട്ടെ:-

എന്റെ ഇഷ്ടം ഒന്നും വേണ്ട പ്രിയനേ
അങ്ങേ ഇഷ്ടം എന്നിൽ പൂർണ്ണമാക്കണേ.. ..

നമുക്ക് ദൈവഹിതം, അന്വേഷിക്കുന്നവരാകാം. .

**ചോദ്യം** ആഭരണവർജ്ജനം വിദ്വാൻ കുട്ടിയുടെ ഉപദേശമായിരുന്നില്ലേ? അദ്ദേഹം ദുരുപദേഷ്ടാവായി പിൽക്കാലത്തു തീർന്നതിനാൽ തന്റെ ആഭരണ സംബന്ധമായ പഠിപ്പിക്കലിനെ നാം എതിർക്കേണ്ടതല്ലേ?

**ഉത്തരം** പക്ഷേ സൈമൺ സാറും മറ്റും ഈ വിഷയത്തിൽ പഠിപ്പിച്ചിട്ടുണ്ടല്ലോ. എന്തുകൊണ്ട് അന്നത്തെ സമൂഹം വളരെയധികം ത്യാഗങ്ങൾ സഹിച്ച് ആഭരണങ്ങൾ ഉപേക്ഷിച്ചു എന്നു ചിന്തിക്കണം. ഒന്നും മനസ്സിലാക്കാതെയാണോ അവർ അത്ര വലിയ ത്യാഗത്തിനു മുതിർന്നത്. വിദ്വാൻ കുട്ടി ദുരുപദേഷ്ടാവായി തീർന്നതു കൊണ്ട് തന്റെ പാട്ടുകൾ നാം പാടാതെയിരിക്കുന്നില്ല. കൂടാര തൊമ്മനെ വിശ്വസിച്ചതാണ് തനിക്കു പറ്റിയ പരാജയം എന്ന് എല്ലാവർക്കും അറിയാം. ശലോമോന്റെ കാലത്തിനു മുൻപ് വിഗ്രഹാരാധനയും, പൂജാഗിരികളും യിസ്രായേലിൽ വളരെ വിരളമായിരുന്നു. ശലോമോൻ തന്റെ ഭാര്യമാർക്കുവേണ്ടി അന്യദേവ പ്രതിഷ്ഠ നടത്തുകയും അന്യദേവന്മാരെ ആരാധിക്കുകയും ചെയതു. എന്നിട്ടും അനേകം സങ്കീർത്തനങ്ങളും സദൃശ്യ വാക്യങ്ങളും ഉത്തമഗീതം സ ഭാപ്രസംഗി എന്നീ പുസ്തകങ്ങളും വേദപുസ്തകത്തിലുണ്ട്. നാം അവ വായിക്കുകയും അവയിൽ നിന്നും ചിന്തകൾ പങ്കിടുകയും ചെയ്യുന്നു.



# ഡിസ്പോസ്ബിൾ പേരന്റ്സ്

'അപ്പനേയും അമ്മയേയും ബഹുമാനിക്കുക' (പുറ: 20: 12)

പി.എം. ഏബ്രഹാം, കണ്ണൂർ
9961442059

ഓർമ്മ കുറവുള്ള പിതാവിനെ മകൻ വിമാനത്തിൽ കയറ്റി വിട്ടു; ഏറ്റെടുക്കാൻ നാട്ടിൽ ആരുമില്ല (മനോരമ, ഒക്ടോ.21, 2011). നെടുമ്പ്രാശ്ശേരിയിൽ വിമാനമിറങ്ങിയ കേൾവിക്കുറവും ഓർമ്മക്കുറവുമുള്ള എൺപത്താറുകാരനായ ഹെന്റിയെന്ന വയോധികന്റെ ദൈന്യതയാർന്ന മുഖം പത്രത്തിൽ കണ്ടത് കണ്ണുകളെ ഈറനണിയിച്ചു. ഏതാനും വർഷങ്ങളായി ഈ പിതാവ് മലേഷ്യയിൽ ജോലിയിലായിരുന്നു. ഭാര്യയോടും മക്കളോടുമൊപ്പം. മക്കൾ എഴുതിയ ഒരു കത്ത് അദ്ദേഹത്തിന്റെ ബാഗിലുണ്ടായിരുന്നു. ഇദ്ദേഹത്തെ കാണുന്ന ആരെങ്കിലും കത്തിൽ കാണിച്ചിട്ടുള്ള കൊല്ലത്തെ വിലാസത്തിൽ എത്തിക്കുക ! അധികം നാൾ കഴിയും മുമ്പ് ഹെന്റിയുടെ ഭാര്യയും ഇത്തരമൊരു കത്തുമായി നെടുംമ്പ്രാശ്ശേരിയിൽ വിമാനമിറങ്ങിയേക്കാം!

എട്ടു മക്കളു കയ്യൊഴിഞ്ഞു 88-ാം വയസ്സിൽ തൂങ്ങി മരിച്ചു . നവംബർ 3, 2011ന് മനോരമയുടെ ഒന്നാം പേജിൽ വന്ന വാർത്തയാണിത്. വീട്ടിൽ വേണ്ടത്ര പരിചരണം കിട്ടാതെ ദേഹത്ത് വൃണങ്ങൾ രൂപപ്പെട്ടു പുഴുവരിച്ചു മരിച്ച റിട്ട. മലയാളം പ്രൊഫസർ ശ്യാമളകുമാരിയമ്മ (61) എന്ന ക്യാൻസർ ബാധിതയായിരുന്ന മാതാവിന്റെ മരണം (ഡിസംബർ 28, 2010 മനോരമ) ഈ തലമുറയുടെ മരവിച്ച മനഃസാക്ഷിയുടെ കാൻവാസ് ചിത്രമാണ്.

പത്ത് കൽപ്പനകളിലെ അഞ്ചാമത്തെ കൽപ്പനയുടെ ലംഘനമാണ് ഈ സംഭവങ്ങൾ. "നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്ത് നിനക്കു ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക" (പുറ. 20:12; ആവ.20:16).

പത്തു കൽപ്പനകളെ രണ്ടായി തരം തിരിച്ചിരിക്കുകയാണ്. 1 മുതൽ 4 വരെയുള്ള കൽപ്പനകൾ ലംബമായ ബന്ധത്തെ (Vertical Relation) കുറിച്ചുള്ളതാണ്. മനുഷ്യനു ദൈവത്തോടുണ്ടായിരിക്കേണ്ട ബന്ധമാണ് ആദ്യത്തെ നാലു കൽപ്പനകൾ. 5 മുതൽ 10 വരെയുള്ളവ തിരശ്ചീനമായ ബന്ധത്തെ (Horizontal Relationship) ക്കുറിച്ചുള്ളതാണ്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധമാണ് രണ്ടാമത്തെ ഭാഗത്തിന്റെ പ്രമേയം. ആദ്യ ഭാഗം മനുഷ്യന് ദൈവത്തോടുള്ള ബന്ധത്തേയും (Vertical) രണ്ടാമത്തേത് മനുഷ്യന് മറ്റു മനുഷ്യരോടുള്ള ബന്ധത്തെയും (Horizontal) കുറിച്ചുള്ളതാണ്. ദൈവത്തോടുള്ള കൽപ്പനകൾ പാലിക്കുന്ന വ്യക്തിക്കു മാത്രമേ അടുത്ത ആറു കൽപ്പനകൾ (5-10) പാലിക്കുവാൻ കഴിയു. അതുപോലെ തിരിച്ചും.

**അഞ്ചാം കൽപ്പനയുടെ പ്രാധാന്യം**

പത്ത് കൽപ്പനകളിലെ രണ്ടാം ഭാഗത്തിലെ ആദ്യത്തെ കൽപ്പനയാണ് അപ്പനെയും അമ്മയെയും ബഹുമാനിക്കുക എന്നത്. കൊലപാതകം, വ്യഭിചാരം, മോഷണം തുടങ്ങിയ കൽപ്പനകളുടെ അത്രമാത്രം ഗൗരവ മുള്ളതാണോ അപ്പനെയും അമ്മയെയും ബഹു മാനിക്കാതിരിക്കുക എന്നത്? കൊലപാതകം, വ്യഭിചാരം, മോഷണം ഇതൊക്കെ വലിയ കുറ്റകൃത്യങ്ങളാണ്. അപ്പനെയും അമ്മയെയും ബഹുമാനിക്കാത്തതിന്റെ പേരിൽ ആരെയെങ്കിലും ജയിലിൽ അടച്ചിട്ടുണ്ടോ? അഞ്ചു മുതൽ പത്തു വരെയുള്ള കൽപ്പനകളിൽ ഏറ്റവും വലിയ കൽപ്പന അഞ്ചാമത്തെ കൽപ്പനയായ മാതാപിതാക്കളെ ബഹുമാനിക്കുക എന്നതാണ്. മനുഷ്യന്റെ ചുമതലകളിൽ ഏറ്റവും പ്രധാനം

ഇതാണ്. കാരണം ഭൂമിയിൽ പിറക്കുന്ന ഓരോ മനുഷ്യനും ആദ്യം കാണുന്നത് തന്റെ അമ്മയെയും അപ്പനെയുമാണ്.

നമ്മുടെ ജീവിതത്തിലെ മുൻഗണനകളെ ക്കുറിച്ചാണ് ദൈവം ഈ കൽപ്പനകളിലൂടെ നമ്മോടു സംസാരിക്കുന്നത്. ആദ്യ പരിഗണന ദൈവത്തിനും അടുത്തത് മാതാപിതാക്ക ൾക്കുമാണ്. ഇതു കഴിഞ്ഞിട്ടേ മറ്റെന്തിനും ജീവിതത്തിൽ പ്രാധാന്യമുള്ളു. ദൈവത്തിന്റെ പദ്ധതിയിൽ കുടുംബത്തിന് അതിപ്രധാനമായ ഒരു സ്ഥാനമാണുള്ളത്. ആദ്യത്തെ സഭയും ആദ്യത്തെ സ്കൂളും, ആദ്യത്തെ ഹോസ്പിറ്റലും, ആദ്യ ഗവൺമെന്റും കുടുംബമാണ് - റോബ് ഷെൻക്ക്. ലോകത്തിന്റെ സാമൂഹിക ക്രമത്തിന്റെ മാർബിൾ സ്തൂപം എന്നാണ് അഞ്ചാമത്തെ കൽപ്പനയെ ഒരു ഗ്രന്ഥകാരൻ വിശേഷിപ്പിച്ചത്. മനുഷ്യന്റെ സാമൂഹിക ജീവിത ക്രമത്തിന്റെ സ്പന്ദമാപിനിയാണ് ഈ കൽപ്പന.

“നിനക്കു ദീർഘായുസ്സ് ഉണ്ടാകുവാനും നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു നന്നായിരിക്കുവാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക” മനുഷ്യ സമൂഹത്തിന്റെ അടിസ്ഥാനമായ കുടുംബത്തെ തകർക്കുകയാണ് സാത്താന്റെ തന്ത്രം. ആദ്യ കുടുംബത്തെയും (ആദം ഹവ്വ) ആദ്യ സഭയെയും (യെരുശലേം) സാത്താൻ തകർക്കുവാൻ ശ്രമിക്കുകയുണ്ടായി. കുടുംബ ബന്ധങ്ങളുടെ തകർച്ച സ്ഥലം സഭകളെയും ബാധിച്ചിരിക്കുന്നു.

**സ്നേഹത്തിന്റെ ഉറവിടങ്ങൾ**

അപ്പന്റെ കരുണയും അമ്മയുടെ ലാളനയും ബൈബിളിൽ ഉപമാനമായി ഉപയോഗിച്ചിട്ടുണ്ട്. മാതാവിന്റെയും പിതാവിന്റെയും സ്നേഹവും പരിലാളനയും കരുതലും അനുഭവിച്ചാണ് ഒരു കുട്ടി വളരുന്നത്. തന്റെ ഉദരത്തിലുള്ള കുഞ്ഞിനെക്കുറിച്ച് ഒരു മാതാവ് എത്രമാത്രം കരുതലുള്ളവളാണ്. ഗർഭം ധരിക്കുന്നതു മുതൽ തന്റെ കുഞ്ഞിനെ പ്രസവിക്കുന്നതുവരെ എത്രയോ കഷ്ടതകളിലൂടെ ഒരു അമ്മ കടന്നു പോകേണ്ടി വരുന്നു. ദരിദ്ര കുടുംബങ്ങളിലെ അമ്മമാരുടെ അവസ്ഥ ഏറെ ദയനീയമാണ്. പ്രസവ വേദനയാണ് ഏറ്റവും ദുസ്സഹമായ വേദന. മഹോപദ്രവകാല ന്യായവിധിയെ പൗലോസ് ഉപമിച്ചത് ഗർഭിണിയുടെ പ്രസവവേദന യോടാണ്. (തെസ്സ. 5:3). വൈദ്യശാസ്ത്രം വളരെയധികം വളർന്നെങ്കിലും പ്രസവ വേദന ഇന്നും വളരെയധികം വേദനാജനകമാണ്. ഓരോ കുഞ്ഞിന്റെ പിറവിക്കു പിന്നിലും വേദനയും കണ്ണുനീരും കഷ്ടതയുമുണ്ട്. തങ്ങളുടെ കുഞ്ഞിനോട് മാതാപിതാക്കൾക്കുള്ള സ്നേഹം അവർണ്ണനീയമാണ്. കാക്കക്കും തൻകുഞ്ഞ് പൊൻകുഞ്ഞ് എന്ന പ്രയോഗം ഈ സ്നേഹത്തിന്റെ ആഴമാണ് സൂചിപ്പിക്കുന്നത്. മകന്റെ, മകളുടെ ഓരോ ചലനങ്ങളും വളർച്ചയുടെ ഓരോ ഘട്ടങ്ങളും മാതാപിതാക്കൾക്ക് ഏറെ പ്രധാനപ്പെട്ടതാണ്. തിളച്ചുരുകുന്ന വെയിലിൽ നെൽകതിരു കൊയ്തും കറ്റ ചുമന്നും, കല്ലു ചുമന്നുമൊക്കെ മക്കൾക്കായ് അധ്വാനിക്കുന്നവരെയും, ഗൾഫിലെ തിളച്ചു മറിയുന്ന മണലാരണ്യത്തിൽ സ്വന്തശരീരം പോലും സൂക്ഷിക്കാതെ ജോലി ചെയ്ത് മക്കൾക്കായ് കരുതുന്ന പിതാക്കന്മാരെയും ഞാൻ കണ്ടിട്ടുണ്ട്. അമേരിക്കയിൽ അതിശൈത്യത്തിൽ മഞ്ഞുപാളികൾ അടിഞ്ഞു കൂടിക്കിടക്കുന്നതിനി ടയിലൂടെ നടന്നു കഷ്ടപ്പെട്ടു ജോലി ചെയ്യുന്ന അപ്പന്മാരെയും ഞാൻ കണ്ടിട്ടുണ്ട്. കൂലിപ്പണിക്കാരനും ഉന്നത ഉദ്യോഗസ്ഥനുമെല്ലാം പ്രധാനമായും ഒരു ലക്ഷ്യമുണ്ട് തന്റ മക്കളുടെ വളർച്ച, വിദ്യാഭ്യാസം, നല്ല ഭാവി. ഇന്ത്യയിലും അമേരിക്കയിലും ഗൾഫുനാടുകളിലുമൊക്കെ അപ്പനും അമ്മയുമൊക്കെ കഠിനമായി വിശ്രമമില്ലാതെ ജോലി ചെയ്യുന്നു. ഇവരിൽ നല്ല ശതമാനത്തിന്റെയും ലക്ഷ്യം മക്കളുടെ സുരക്ഷിതമായ ഭാവി മാത്രമാണ്.

ജോലി സ്ഥലത്തേക്ക് തിരികെ പോവുകയാണ് അയാൾ. യാത്രയാക്കാൻ ഭാര്യയും കുട്ടികളും അടുത്തുണ്ട്. മരവിച്ച മുഖത്തോടെ വൃദ്ധയായ അമ്മയും. ട്രെയിൻ പുറപ്പെടാനുള്ള വിസിൽ കേട്ടതും അയാൾ വേഗത്തിൽ ഒരു നോട്ട് മടക്കി ഭാര്യ കാണാതെ

അമ്മയുടെ കൈയ്യിൽ കൊടുത്തു. തിടുക്കത്തിൽ അതു ബ്ലൗസിനുള്ളിലേക്ക് തിരുകി അവർ കണ്ണു തുടച്ചു. ആ അമ്മയുടെ തോളിൽ കുടുംബം ചുമന്നതിന്റെ പാടുകളുണ്ടായിരുന്നു. സ്വയം ഇല്ലാതായിക്കൊണ്ട് മറ്റു പാത്രങ്ങളിലേക്ക് തന്നെത്തന്നെ പകർന്നതിന്റെ ക്ഷതങ്ങളു ണ്ടായിരുന്നു (എസ്. ശാരദക്കുട്ടി, മനോരമ). കഷ്ടതകളിലൂടെയും പ്രാരാബ്ധങ്ങ ളിലൂടെയും മക്കളെ വളർത്തി; മക്കൾ വളർന്നു പന്തലിച്ചപ്പോഴും ആ കണ്ണുനീർ തടങ്ങൾ പിന്നെയും നിറഞ്ഞു തുളുമ്പുന്ന എത്രയെത്ര അമ്മമാരെയും അച്ഛന്മാരെയും നമുക്ക് പരിചയമുണ്ട്.

പി. കേശവദേവിന്റെ ഓടയിൽ നിന്ന് എന്ന ഗ്രന്ഥത്തിലെ പപ്പുവെന്ന കഥാപാത്രത്തെ മലയാളസാഹിത്യവുമായി ബന്ധമുള്ളവർ ആരും അത്ര വേഗം മറക്കുകയില്ല. വളർത്തുപുത്രിയെ വളർത്തി വലിയവളാക്കുവാൻ ആരോഗ്യം മറന്നു റിക്ഷാ വണ്ടി വലിച്ചു, ഒടുവിൽ ക്ഷയരോഗത്തിനു അടിമയായ പപ്പു. മകളുടെ ഉപരിപഠനമെന്ന വലിയ ആവശ്യത്തിൻ മുമ്പിൽ ആകെയുള്ള സമ്പാദ്യമായ ആ റിക്ഷയും വിറ്റ് പണം കണ്ടെത്തിയ ആ പിതാവിനെ, പഠിച്ചു ഡോക്ടറായ മകൾ അവഗണനയുടെ ഓടയിലേക്ക് തള്ളുന്ന അവസ്ഥ മാതാപിതാക്കളോടുള്ള മക്കളുടെ നന്ദികേടിന്റെ കഥയാണ്.

**വർദ്ധിക്കുന്ന വൃദ്ധസദനങ്ങൾ**

മക്കൾ എട്ടും കൈവിട്ട ഹതഭാഗ്യനായ പിതാവ് എൺപത്തെട്ടാം വയസ്സിൽ ജീവനൊ ടുക്കി. മക്കൾ ആരും നോക്കാൻ തയ്യാറാകാതെ രണ്ടാം വട്ടവും വൃദ്ധസദനത്തിലേക്ക് അയച്ചതിൽ മനംനൊന്താണ് മകന്റെ വീടിനുള്ളിൽ ഭാസ്കരൻ നായർ (88) തൂങ്ങി മരിച്ചത് (മനോരമ, നവം.3, 2011).

മക്കളെ ഉയർന്ന പലിശയ്ക്ക് ലോൺ എടുത്തു പഠിപ്പിക്കുന്ന കൂലിപ്പണിക്കാരായ മാതാപിതാ ക്കളെ ഞാൻ ധാരാളം കണ്ടിട്ടുണ്ട്. വെളുപ്പിന് 2 മണിക്കും 3 മണിക്കുമൊക്കെ റബ്ബർ ടാപ്പിംഗിനു പോയി, അന്തിവരെയും അത്യദ്ധ്വാനം ചെയ്യുന്ന അപ്പന്മാർ. ആടിനെയും കോഴിയേയുമൊക്കെ വളർത്തി വരുമാനം കണ്ടെത്തുന്ന അമ്മമാർ, അടുക്കളയെന്ന സാമ്രാജ്യത്തിലെ സാമ്പത്തിക കാര്യങ്ങൾ അതിവിദഗ്ധമായി കൈകാര്യം ചെയ്യുന്നതുവഴി കുടുംബത്തെ സംരക്ഷിക്കുന്നവരാണ്. ചുരുങ്ങിയ വരുമാനം കൊണ്ട് രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ഇവർ പെടുന്ന പാട് വർണ്ണനാതീതമാണ്. കലത്തിലെ കഞ്ഞിവെള്ളംകൊണ്ട് വിശപ്പടക്കി ഉള്ള വറ്റ് മക്കൾക്ക് നൽകി, മുണ്ടുമുറുക്കി ഉടുത്തു ജീവിച്ച് എത്ര അമ്മമാരെ ഞാനും നിങ്ങളും കണ്ടിരിക്കുന്നു. മക്കളെ വളർത്തി വലുതാക്കു വാൻ ഇങ്ങനെയൊക്കെ പെടാ പാടുപെട്ട അപ്പന്മാരും അമ്മമാരുമൊക്കെ, അവരുടെ ജീവിത സായാഹ്നങ്ങളിൽ അഗതി മന്ദിരങ്ങളിൽ എത്തിച്ചേരേണ്ടിവരുന്നതു കാണുമ്പോഴാണ് ഹൃദയമുള്ളവരുടെ ഹൃദയം നോവുന്നത്.

തമിഴ്നാട്ടിലെ ഉതവും കരങ്ങൾ എന്ന അനാഥാലയത്തിലേക്കു വൃദ്ധയായ വീട്ടുജോലി ക്കാരിയേയും കൊണ്ട് ഉദ്യോഗസ്ഥ യായ യുവതി ചെല്ലുന്നു. വീട്ടിൽ ഇവരെ നോക്കാൻ ആരുമില്ല, വഴിയിൽ ഇറക്കിവിടാൻ വയ്യ. ആയ കാലത്ത് കുറെ ജോലി ചെയ്തു തന്നതല്ലേ . ആ സ്ഥാപനത്തിന്റെ ഭാരവാഹി അത്ഭുതപ്പെട്ടു പോയി. അച്ഛനേയും അമ്മയേയും വരെ വഴിയിൽ തള്ളുന്ന ഈ കാലത്ത് ഇങ്ങനെയും മനുഷ്യരോ! അവർ പോയിക്കഴിഞ്ഞപ്പോൾ നിർവികാരയായ വൃദ്ധ പറഞ്ഞു; ആയ കാലത്ത് അവളെ പ്രസവിക്കുക എന്നൊരു ജോലി കൂടി ഞാൻ ചെയ്തിട്ടുണ്ട് .

ഒരു ഗുളികയ്ക്കുപോലും മക്കളുടെ കാലു പിടിക്കണം. ഇവർക്കൊക്കെ വെച്ചുവിളമ്പി യതിന്റെ കൂലിയെങ്കിലും കിട്ടിയാൽ മതിയായിരുന്നു . നിറഞ്ഞ കണ്ണുകൾ തുടച്ചുകൊണ്ട് വിതുമ്പുന്ന അമ്മമാരെയും ഇന്ന് അനേകം ഭവനങ്ങളിൽ കാണാം. ഗുരുവായൂർ ക്ഷേത്ര പരിസരങ്ങളിൽ അലഞ്ഞുതിരിയുന്ന അമ്മമാരെക്കുറിച്ചു നടതള്ളൽ എന്ന പേരിൽ ഏഷ്യാനെറ്റ് ചാനലുകളിൽ വന്ന റിപ്പോർട്ട് മാതൃത്വത്തോടുള്ള മലയാളികളുടെ

മനോഭാവത്തെ തുറന്നു കാട്ടുന്നതായിരുന്നു. ക്ഷേത്ര സന്ദർശത്തിനെന്ന വ്യാജേന ഗുരുവായൂരിലേക്ക് അമ്മമാരെ കൊണ്ടു വരുന്ന മക്കൾ, പാവം അമ്മമാരെ ക്ഷേത്ര പരിസരത്ത് ഉപേക്ഷിച്ച് മുങ്ങുന്നു. മലയാളിയുടെ മനസ്സിൽ നിന്നും നന്മയുടെ കണികപോലും മാഞ്ഞിരിക്കുന്നു എന്നല്ലേ ഇത്തരം മഹാക്രൂരതകൾ വെളിപ്പെടുത്തുന്നത്. സമ്പത്തു കാലത്ത് തിന്നു മുടിച്ചാൽ ആപത്തു കാലത്തു കുത്തിയിരിക്കാം എന്നു പറഞ്ഞുകൊണ്ട് പതിവു കഞ്ഞിവെക്കാനുള്ള അരിയിൽ നിന്ന് ഒരു പിടി നാളേക്കു മാറ്റി വെച്ചിരുന്ന നാട്ടിൻപുറത്തെ അമ്മമാരെ നാം പലരും കണ്ടിട്ടുണ്ട്. ബഷീറിന്റെ പാത്തുമ്മയുടെ ആട് എന്ന നോവലും നമ്മുടെ മുമ്പിൽ വരച്ചു കാട്ടുന്നത് കുടുംബത്തിന്റെ സാമ്പത്തിക കാര്യത്തിൽ താളപ്പിഴ ഉണ്ടാകാതിരിക്കുവാൻ പെടാപാടുപെടുന്ന ഒരു കഥാപാത്രത്തെയാണ്. പട്ടിണി കിടന്നും മുണ്ടുമുറുക്കി ഉടുത്തും വറ്റു കുഞ്ഞിന് നൽകി കഞ്ഞിവെള്ളം മോന്തിക്കുടിച്ചു പശി അകറ്റിയുമൊക്കെ മക്കളെ വളർത്തിയ അപ്പന്മാരുടെ ഹൃദയം തകരുന്നത്, തന്നേക്കാൾ വളർന്ന മക്കൾ ഇറ്റു സ്നേഹവും നന്ദിയും തങ്ങളോടു കാണിക്കാതെ വരുമ്പോഴാണ്.

എസ്. ശാരദക്കുട്ടിയുടെ വരികൾ കടമെടുക്കട്ടെ. മുകളിലേക്കെറിഞ്ഞതെന്തോ തിരിച്ചുവരുന്നതുപോലെ അമ്പരന്ന നോട്ടവുമായി തെരുവിൽ അലയുന്നതു നമ്മളിൽ ആരുടെ അമ്മയാണ്? പാഴായിപ്പോയ സ്വന്തം ബുദ്ധിയെയാണോ ഈ സ്ത്രീ പഴിക്കുന്നത്? കുടുംബം നോക്കുമ്പോൾ സ്വന്തം കാര്യം നോക്കാൻ മറന്നുപോയതു തന്റെ പിഴ എന്നാകുമോ അവർ വിലപിക്കുന്നത്? അത്രയൊന്നും നിസ്വാർത്ഥരും ത്യാഗമയികളും ആയിക്കൂടാ എന്നൊരു പാഠം ഈ നിലവിളിയിൽ കേൾക്കുന്നുണ്ടോ? പത്തു രൂപയുടെ നോട്ട് പാത്തുമ്മയുടെ ആടിന് വച്ച് നീട്ടിയിട്ട് അയാൾ പറയുന്നു, അതും തിന്നട്ടെ. പ്രസവിച്ചിട്ട് ഒന്നു രണ്ടു ദിവസമായി എന്ന് . അത്രയും കാരുണ്യമെങ്കിലും അമ്മമാരോടും ഉണ്ടായാൽ മതി. ഒരിക്കൽ നമ്മുടെ വീട് ഉലയാതെ കാത്തുനിർത്തിയത് അവരുടെ ബുദ്ധിയും സാമ്പത്തിക ബോധവുമായിരുന്നു. നമ്മുടെ മുന്നിൽ ഒരമ്മയും പത്തു രൂപയ്ക്കുവേണ്ടി കൈനീട്ടാൻ ഇട വരരുത് (മലയാള മനോരമ ഒക്ടോ. 4, 2011).

മാതൃസ്നേഹത്തിന്റെ ഉദാത്തഭാവങ്ങളെ വരച്ചുകാട്ടുന്നവയാണ് മലയാളഭാഷ ജന്മം നൽകിയ നൂറുകണക്കിന് താരാട്ടു പാട്ടുകൾ . ഒരു അമ്മയും അച്ഛനും തന്റെ കുഞ്ഞിനോടുള്ള സ്നേഹവായ്പ്പിന്റെ അഗാധതീയയാണ് ഈ ഗാനങ്ങൾ വെളിപ്പെടുത്തുന്നത്. ഓമന തിങ്കൾ കിടാവോ നല്ല .. .. കോമളത്താമരപ്പൂവോ എന്നു തുടങ്ങുന്ന കവിത മാതൃ സ്നേഹത്തിന്റെ പ്രതീകമല്ലാതെന്താണ്. പക്ഷെ ഇന്നത്തെ തലമുറ മാതാപിതാക്കളോടു കാണിക്കുന്ന നന്ദികേടിനെതിരെയുള്ള അതിശക്തമായ താക്കീതാണ് അഞ്ചാമത്തെ കൽപ്പന. നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക .

**മാതാപിതാക്കളെ ബഹുമാനിക്കേണ്ടത് എങ്ങനെ?**

**1.മാതാപിതാക്കൾക്ക് പ്രത്യുപകാരം ചെയ്യുക (1 തിമോ:5:4)**

അപ്പനും അമ്മയും മക്കൾക്കു നൽകിയ നന്മകൾക്ക് പ്രതിഫലം നൽകുക എന്ന ആശയമാണിവിടെ. മാതാപിതാക്കൾ മക്കൾക്കു നൽകിയ നന്മകൾ മുഴുവൻ മക്കൾ ഓർത്തെടുക്കുവാൻ സാധ്യതയില്ല. നമുക്കു ഓർമ്മ വയ്ക്കും മുന്നാണ് അവർ നമുക്കായി ഒരുപക്ഷെ അധികം കഷ്ടപ്പെട്ടിട്ടുണ്ടാവുക. അവർ നൽകിയ സ്നേഹത്തിന്റെ പ്രതിഫലമായി വാർദ്ധക്യ കാലത്ത് അവർക്ക് സ്നേഹം നൽകുക. കൂലിപ്പണിയെടുത്ത് മക്കളെ വളർത്തിയ പിതാവ്. അദ്ദേഹത്തിന്റെ മകൻ പിന്നീട് സമ്പന്നനായി. എന്നാൽ ഈ പിതാവിന്റെ രോഗാവസ്ഥയിൽ അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോകാനുള്ള സൗമനസ്യം പോലും ആ മകൻ കാണിച്ചില്ല. ആ വൃദ്ധന്റെ സ്വത്തും ഈ മകനാണ് അദ്ദേഹം നൽകിയത്. മകൻ

രക്ഷിക്കപ്പെട്ടുവെന്ന് പറയുന്ന വ്യക്തി കൂടിയായിരുന്നുവെന്ന് ഓർക്കുക. ഇന്നത്തെ കാലത്തെപ്പോലെ ആശുപത്രികളോ സാമ്പത്തികമോ യാത്രാ സൗകര്യമോ ഇല്ലാതിരുന്ന കാലങ്ങളിൽ കുഞ്ഞുങ്ങൾക്കു രോഗങ്ങൾ വന്നാലുള്ള അപ്പനമ്മമാരുടെ ബദ്ധപ്പാടുകൾ ആർക്കാണ് ചിന്തിക്കാനാവുക. എല്ലാ സൗകര്യങ്ങളുമുള്ള ഈ കാലത്തുപോലും മക്കളുടെ രോഗാവസ്ഥയക്കു മുമ്പിൽ എത്രയോ അച്ഛനമ്മമാർ പതറിപ്പോകുന്നു. ഈ മക്കൾ വളർന്ന് വലുതായപ്പോൾ, മാതാപിതാക്കൾ അവർക്ക് അധികപ്പറ്റാകുന്നു.

രാമായണത്തിലെ ഒരു കഥാപാത്രമാണ് ശരവണകുമാർ. ദരിദ്രനായ അവന്റെ മാതാപിതാക്കൾ അന്ധരായിരുന്നു. വാർദ്ധകൃത്തിന്റെ അന്തിവെയിലിൽ അവർ തങ്ങളുടെ ജീവിതാഭിലാഷം മകനോടു പറഞ്ഞു: ഞങ്ങൾക്കു പുണ്യസ്ഥലങ്ങൾ സന്ദർശിക്കണ മെന്നുണ്ട്. മോനു പറ്റുമോ ?

ദരിദ്രനായ ശരവണൻ ചിന്തിച്ചു, എങ്ങനെയാണ് അച്ഛന്റെയും അമ്മയുടെയും ആഗ്രഹം സാധിപ്പിക്കുക . ഒടുവിൽ അവനൊരു വലിയ കമ്പ് എടുത്തു. രണ്ടു കൊട്ടകൾ ആ കമ്പിന്റെ അറ്റത്ത് കെട്ടി. ഒരു കൊട്ടയിൽ അച്ഛനെയും മറ്റേതിൽ അമ്മയേയും ഇരുത്തി. തോളിൽ ഏന്തി നടന്നു. പുണ്യസ്ഥലങ്ങൾ ഓരോന്നായി സന്ദർശിച്ചു. അവർ സരയൂ നദിക്കരയിലെത്തിയപ്പോൾ; മോനെ ഞങ്ങൾക്കു ദാഹിക്കുന്നു, അൽപ്പം വെള്ളം , ശരവണന്റെ അച്ഛനും അമ്മയും പറഞ്ഞു.

ശരവണൻ കൊട്ടകൾ മരത്തണലിൽ വെച്ചു. പാത്രവുമായി സരയു നദിയിലേക്ക് ഓടി. അയോധ്യ രാജാവായ ദശരഥൻ മൃഗങ്ങളെ വേട്ടയാടുവാൻ സരയു നദിയുടെ അടുത്തുണ്ടായിരുന്നു. ശരവണൻ പാത്രത്തിൽ വെള്ളം മുക്കിയെടുക്കുന്ന ശബ്ദം രാജാവ് കേട്ടു. മാനോ മറ്റു മൃഗങ്ങളോ വെള്ളം കുടിക്കുന്നതാണ് എന്ന് തെറ്റിദ്ധരിച്ച ദശരഥൻ ശബ്ദം കേട്ട ഭാഗത്തേക്ക് അമ്പ് തൊടുത്തു. ശരവണന്റെ നിലവിളി കേട്ടുചെന്ന രാജാവ് സ്തംഭിച്ചുപോയി! ജീവനുവേണ്ടി പിടയുമ്പോഴും ശരവണൻ രാജാവിനോടു പറഞ്ഞു: എന്റെ പ്രായമായ അച്ഛനും അമ്മയും അവിടെ ദാഹിച്ചു വലഞ്ഞിരിപ്പുണ്ട്. അങ്ങ് ദയവായി അവർക്കീ വെള്ളം കൊണ്ടുപോയി കൊടുക്കുക . ഇത്രയും പറഞ്ഞു ശരവണന്റെ ശ്വാസം നിലച്ചു. ദുഃഖിതനായ രാജാവ് ശരവണന്റെ മാതാപിതാക്കളുടെ സമീപത്ത് എത്തി. എന്തു പറഞ്ഞാണ് അവരെ ആശ്വസിപ്പിക്കുക ? രാജാവിന്റെ കാൽപെരുമാറ്റം കേട്ട അവർ എന്താ മോനെ ഇത്രയും താമസിച്ചത് ? രാജാവ് ഭയപ്പാടോടെ നിന്നു. നീ എന്താ ഒന്നും മിണ്ടാത്തത്? ഞങ്ങളെ ചുമന്നു നടന്നു നീ ക്ഷീണിച്ചോ ?

ഒടുവിൽ രാജാവ് നടന്ന സംഭവം വിവരിച്ചു. ഹൃദയം തകർന്ന അവർ രാജാവിനെ ശപിച്ചു. നീയും ഇതുപോലെ പുത്രദുഃഖത്താൽ മരിച്ചുപോകട്ടെ !

രാമനും ലക്ഷ്മണനും വനവാസത്തിനുപോയ സമയത്തായിരുന്നു ദശരഥന്റെ അന്ത്യം. ഇത് വെറുമൊരു കഥയാണെങ്കിലും മാതാപിതാക്കളെ വാർദ്ധക്യ കാലത്തും രോഗാവസ്ഥയിലുമൊക്കെ അവഗണിക്കുന്നവർക്കു മുമ്പിൽ ഒരു വെല്ലുവിളിയാണ് ശരവണൻ എന്ന കഥാപാത്രം.

ഈ കാര്യത്തിലും യേശു നമുക്കു മാതൃകയാണ്. ക്രൂശിൽ തന്റെ അമ്മ മറിയയെ യോഹന്നാന്റെ പക്കൽ ഏൽപ്പിച്ചു: ഇതാ നിന്റെ അമ്മ എന്ന് പറഞ്ഞു . ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു (യോഹ.19:26,27). മിസ്രയീമിൽ ഉന്നതസ്ഥാനത്തേക്കു ഉയർത്തപ്പെട്ടിട്ടും യോസേഫ്, അപ്പനായ യാക്കോബിനെ ആദരപൂർവ്വം എതിരേൽക്കുകയുണ്ടായി (ഉല്പ.46:29). മിസ്രയീമ്യർക്ക് ഇടയന്മാരെ ഇഷ്ടമല്ലായിരുന്നു ഇതറിയാമായിരുന്നിട്ടും, ജോസഫ് അപ്പനെ ആദരിക്കുകയുണ്ടായി.

ഇക്കാലത്ത് പല മക്കളും അച്ഛനമ്മമാരെ വിളിക്കുന്നതും കൂടെ താമസിക്കുന്നതും അവർക്കു കുഞ്ഞുങ്ങൾ ജനിക്കുമ്പോഴാണ്. കാരണം ഭാര്യക്കും ഭർത്താവിനും ജോലിക്കു പോകണം. അപ്പോൾ കുഞ്ഞിനെ നോക്കാൻ ആളുവേണം. ഇത് ഡിസ്പോസിബിൾ വസ്തുക്കളുടെ

കാലമാണ്. ഡിസ്പോസിബിൾ ഗ്ലാസ്സും പേനയുമൊക്കെ ഇന്നു സുലഭമാണ്. പല കുടുംബങ്ങളിലും ഇന്ന് മാതാപിതാക്കൾ ഡിസ്പോസിബിൾ ആണ്. ആവശ്യം കഴിഞ്ഞു അവരെ വൃദ്ധസദനങ്ങളിൽ വിടുകയോ തെരുവിൽ വിടുകയോ ചെയ്യുന്നു.

**2. മാതാപിതാക്കളെ ബഹുമാനിക്കുക**

മാതാപിതാക്കളെ ബഹുമാനത്തോടും സ്നേഹത്തോടും കൂടി ഭയപ്പെടണം. നിങ്ങൾ അമ്മയേയും അപ്പനേയും ഭയപ്പെടണം ഈ ഭയത്തിന്റെയും ബഹുമാനത്തിന്റെയും അടയാളമെന്ന നിലയിൽ ചില പ്രത്യേക സമ്പ്രദായങ്ങൾ ഒരു കാലഘട്ടം വരെ നമ്മുടെ മധ്യത്തിൽ നിലനിന്നിരുന്നു. മുതിർന്നവർ വരുമ്പോൾ അവരുടെ മുമ്പാകെ ഇളയവർ എഴുനേൽക്കുമായിരുന്നു. അപ്പനമ്മമാർ വരുന്നതു കണ്ടാൽ മക്കൾ ആദരപൂർവ്വം എഴുനേൽക്കുന്ന സമ്പ്രദായം മലയാളികളുടെ മദ്ധ്യത്തിലും ഉണ്ടായിരുന്നു. മുതിർന്നവർ ഇരിക്കുന്ന ഇരിപ്പിടത്തിനു മുകളിൽ ഇളവയർ ഇരിക്കുകയില്ലായിരുന്നു. അപ്പമ്മാരുടെ മുമ്പാകെ മക്കൾ പ്രത്യേകാൽ പെൺകുട്ടികൾ കാലാട്ടുകയില്ലായിരുന്നു. ബസിലും മറ്റും യാത്ര ചെയ്യുമ്പോൾ മുതിർന്നവർക്കുവേണ്ടി ഇളയവർ സീറ്റു നൽകുമായിരുന്നു. ഇന്ന് ബസുകളിൽ മുതിർന്നവർക്കുവേണ്ടി സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ടെങ്കിൽപോലും ആ സീറ്റകളിലും യാതൊരു ലജ്ജയുമില്ലാതെ ചെറുപ്പക്കാർ ഇരിക്കുന്നതു കാണുമ്പോൾ അറപ്പു തോന്നാറുണ്ട്.

**3.അവരോടു നന്ദിയുള്ളവരായിരിക്കുക (സങ്കീ.103:2)**

നമ്മുടെ മാതാപിതാക്കൾ നമുക്കുവേണ്ടി അനുഭവിച്ച കഷ്ടതകൾ മനസ്സിലാക്കി അവരോടു നന്ദിയുള്ളവരായിരിക്കുക. അവരെ സ്നേഹിക്കുകയും കരുതുകയും ചെയ്യുക. ഫുട്ബോൾ താരം ഡിയാഗോ മറഡോണ ഈ കാര്യത്തിൽ മാതൃകയാണ്. ദാരിദ്ര്യത്തിന്റെ പടികൾ കയറിയാണ് മറഡോണ പ്രശസ്തിയുടെ ഉയരങ്ങളിൽ എത്തിയത്. അച്ഛൻ നേരത്തെ മരിച്ചു. വീട്ടിൽ ഭക്ഷണം വിളമ്പുന്നേരം മിക്കപ്പോഴും അമ്മയ്ക്ക് വയറുവേദനയായിരിക്കും. വയറുവേദനയുടെ രഹസ്യം മറഡോണ പിന്നീട് വെളിപ്പെടുത്തിയിട്ടുണ്ട്. ഒരു പാത്രത്തിൽ കൂടി വിളമ്പിയാൽ മക്കളുടെ പശിയടങ്ങുകയില്ലത്രേ. അമ്മയോടുള്ള നന്ദിയാൽ അദ്ദേഹത്തിന്റെ കൈത്തണ്ടയിൽ ഇങ്ങനെ പച്ച കുത്തിയിരിക്കുന്നു: തോത്ത ഐ ലവ് യു (അമ്മയെ തോത്ത എന്നാണ് വിളിച്ചിരുന്നത്). ഗൾഫിൽ ഫുട്ബോൾ പരിശീലകനായി വിമാനമിറങ്ങുമ്പോഴായിരുന്നു അമ്മയുടെ മരണ വാർത്ത. പരിപാടി ഉപേക്ഷിച്ചു ഒരു വിമാനം ചാർട്ടർ ചെയ്ത് അമ്മയുടെ അടുത്തേക്ക് അദ്ദേഹം കുതിച്ചു.

**നാം എന്തുകൊണ്ട് മാതാപിതാക്കളെ ബഹുമാനിക്കണം?**

1. *ഇത് വാഗ്ദത്തത്തോടു കൂടിയുള്ള ഏക കൽപ്പനയാണ് (എഫെ.6:1-3; കൊലൊ.3:20)*
2. *ഇതിനു പ്രതിഫലമുണ്ട് (പ്രുറ.20:12).*
3. *ഇത് കർത്താവിനു പ്രസാദകരമാണ് (കൊലൊ.3:20).*
4. *നാം വിതയക്കുന്നതു തന്നെ കൊയ്യും (ഗലാ.6:7).*

വൃദ്ധരായ മാതാപിതാക്കളെ വൃദ്ധസദനത്തിൽ ആക്കിയശേഷം മടങ്ങി വരുമ്പോൾ കുട്ടി കാറിൽ ഇരുന്ന് എന്തോ പേപ്പറിൽ കുറിക്കുന്നത് കണ്ട് അവന്റെ പിതാവ് മകനോട് ചോദിച്ചു: മോൻ എന്താണ് വരയ്ക്കുന്നത് ? അപ്പന്റെ ചോദ്യത്തിന് മകൻ മറുപടി പറഞ്ഞു: പപ്പയും മമ്മിയും അപ്പച്ചനെപ്പോലെയും അമ്മച്ചിയെപ്പോലെയും പ്രായമാകും. അന്ന് പപ്പയേയും മമ്മിയേയും അപ്പച്ചനും അമ്മച്ചിയും കിടക്കുന്ന വൃദ്ധസദനത്തിൽ ആക്കേണ്ടി വരും. അതുകൊണ്ട് വൃദ്ധസദനത്തിലേക്കുള്ള വഴി ഞാൻ ഇപ്പോഴെ അടയാളപ്പെടുത്തുകയായിരുന്നു. നമ്മുടെ മാതാപിതാക്കളോട് നാം കാണിക്കുന്ന മനോഭാവം തെറ്റായിരുന്നാലും ശരിയായിരുന്നാലും വളർന്നു വരുന്ന നമ്മുടെ മക്കളും അതുതന്നെ പകർത്തും. ബൈബിൾ പറയുന്നു, മനുഷ്യൻ വിതയ്ക്കുന്നത് തന്നെ കൊയ്യും (ഗലാ.6:7)

# ബ്രദറൺകാർക്ക് ആത്മാവില്ലന്നോ?

റെജി ഈട്ടിമൂട്ടിൽ
9495127455

ഒരു വിശ്വാസിയ്ക്കു എപ്പോഴാണ് ആത്മാവ് ലഭിക്കുന്നത് അഥവാ ഒരുവൻ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്ന സമയം ഏതാണ്? രക്ഷിക്കപ്പെട്ടിട്ടും പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ കാത്തിരിക്കണമോ? രക്ഷയ്ക്കും ആത്മപ്രാപണത്തിനും മദ്ധ്യേ ഒരുഇടക്കാലമുണ്ടോ? ഈ ഇടക്കാലം ദൈവം തന്റെ ആത്മാവിനെ നൽകേണ്ടതിനായി നിരന്തരം കാത്തിരിക്കണമോ? അന്യഭാഷ അടയാളത്തോടെ അവൻ ആത്മാവിനെ പ്രാപിക്കണമോ? ഇത് വേദപുസ്തകം പഠിപ്പിക്കുന്നുണ്ടോ? ചിലരുടെ അബദ്ധധാരണ മാത്രമാണോ? തുടങ്ങിയ വിഷയത്തെക്കുറിച്ച് വചനാടിസ്ഥാനമുള്ള പരിപ്രേക്ഷണമാണീയദ്ധ്യായം.

**നിർവ്വചനം**: ഒരുവൻ രക്ഷിക്കപ്പെടുന്ന മാത്രയിൽ സർവ്വനന്മയുടെയും സർവ്വദാനങ്ങളുടെയും മുന്നോടിയായി, ആദ്യദാനമായി അവൻ പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും; അങ്ങനെ രക്ഷിക്കപ്പെട്ടവിശ്വാസിയുടെ ശരീരവീണ്ടെടുപ്പു നടക്കുന്ന പുനരുത്ഥാനനാൾ വരെ, വഴികാട്ടിയും, കാര്യസ്ഥനുമായി; അച്ചാരവും മുദ്രയുമായി; അവനിൽ സ്ഥിരാധിവാസം നടത്തുകയും ചെയ്യുന്നു എന്ന വസ്തുതയാണത്.

ക്രൈസ്തവസമൂഹത്തിൽ മൂന്ന് പഠിപ്പിക്കലുകൾ ഈ വിഷയത്തെക്കുറിച്ച് നിലനിൽക്കുന്നുണ്ട്. ഒന്ന് ആത്മാവിനെ പ്രത്യേകം വിശ്വാസത്താൽ പ്രാപിക്കണം. രണ്ട് രക്ഷിക്കപ്പെട്ടശേഷം കാത്തിരുന്ന് അന്യഭാഷ അടയാളത്തോടെ ആത്മാവിനെ പ്രാപിക്കണം. മൂന്ന് രക്ഷിക്കപ്പെടുമ്പോൾ തന്നെ ആത്മാവെന്ന ആദ്യദാനം ലഭിക്കുന്നു. ഇവ ഓരോന്നും വിശദമായി വിലയിരുത്താം.

**1. പ്രത്യേകം വിശ്വാസത്താൽ ആത്മാവിനെ പ്രാപിക്കണം.**

ഗലാതൃർ 3:14ൽ "നാം ആത്മാവെന്ന വാഗ്ദത്തവിഷയം വിശ്വാസത്താൽ പ്രാപിക്കുവാൻ തന്നെ". എന്ന വാക്യഭാഗമാണ് ഈ ചിന്താഗതിയ്ക്ക് ആധാരമായിട്ടുള്ളത്. ഈ പഠിപ്പിക്കലനുസരിച്ച് നാം ക്രിസ്തുയേശുവിനെ വിശ്വാസത്താൽ കർത്താവായി ഏറ്റുപറഞ്ഞു സ്വീകരിച്ചതുപോലെ; വിശ്വാസത്താൽ പരിശുദ്ധാത്മാവിനെയും ഏറ്റുപറഞ്ഞു സ്വീകരിക്കണം. ഇത് തെറ്റാണ്. യേശുക്രിസ്തുവിനെ രക്ഷിതാവായി ഹൃദയത്തിൽ അംഗീകരിക്കുമ്പോൾ തന്നെ പരിശുദ്ധാത്മാവ് ലഭിക്കുന്നുവെന്നാണ് ഈ വാക്യത്തിന്റേയും അർത്ഥം. താഴെ കുറിക്കുന്ന ന്യായവാദങ്ങൾ ശ്രദ്ധിക്കുക.

1. യേശുക്രിസ്തുവിനെക്കുറിച്ചുള്ള വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലാണ് ഗലാതൃർ ആത്മാവിനെ പ്രാപിച്ചത് (ഗലാതൃർ 3:2).

2. ആത്മാവ് കൊണ്ടാണ് ഗലാതൃർ (സകല വിശ്വാസികളും) ക്രിസ്തീയ ജീവിതം ആരംഭിച്ചത് (ഗലാതൃർ 3:3). ഒരു രണ്ടാം വിശ്വാസത്താലാണ് ആത്മാവിനെ പ്രാപിക്കേണ്ടതെങ്കിൽ ഈ വാക്യം തെറ്റാകും. ആത്മപ്രാപണവും ക്രിസ്തുവിനെ സ്വീകരിക്കലും രണ്ടാണെന്ന് വന്നാൽ; ആത്മാവിനെ പ്രാപിച്ചിട്ട് ക്രിസ്തുവിനെ സ്വീകരിക്കണം എന്നു പറയേണ്ടിവരും. കാരണം ഗലാതൃർക്ക് ആദ്യം ലഭിച്ചത് ആത്മാവാണ്.

(3) വിശ്വാസത്തിന്റെ പ്രസംഗ(ക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷ പ്രസംഗം)ത്താലാണ് ഗലാതൃർക്ക് ആത്മാവ് നൽകിയത് (ഗലാതൃർ 3:5). ആത്മാവിനെ നൽകിയാണ് ദൈവം തന്റെ വീര്യപ്രവർത്തികൾ ആരംഭിച്ചത്.

(4) ക്രിസ്തുവിൽ വിശ്വസിക്കുന്ന വിശ്വാസികൾ തന്നെയാണ് അബ്രഹാമിന്റെ മക്കൾ (ഗലാതൃർ 3:7). അബ്രഹാമിന്റെ അനുഗ്രഹം തന്റെ മക്കൾക്കുള്ളതാണ് (ഗലാതൃർ 3:14). അബ്രഹാമിന്റെ മക്കളാകാൻ ക്രിസ്തുവിനെ സ്വീകരിക്കലും; അബ്രഹാമിന്റെ അനുഗ്രഹം ലഭിക്കുവാൻ ആത്മാവിനെ പ്രാപിക്കലും തത്വത്തിൽ ഒന്നുതന്നെയാണെന്ന് ഇവിടെ വ്യക്തമാണ് (ഗലാതൃർ 3:9).

(5) ദൈവം തന്നെ അനുസരിക്കുന്നവർക്ക് പരി

ശുദ്ധാത്മാവിനെ നൽകുന്നു എന്ന് തിരുവചനം വ്യക്തമാക്കുന്നു (അപ്പൊ. 5:32). പാപമോചനത്തിനായി ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗമായ സുവിശേഷത്തിൽ (ക്രിസ്തുവിൽ) വിശ്വസിക്കുന്നതാണ് ഒരുവൻ ദൈവത്തോടു കാണിക്കുന്ന അനുസരണം.

(6) ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കാണ് പരിശുദ്ധാത്മാവിനെ നൽകുന്നത് (അപ്പൊ. 11:17,18). യെഹൂദന്മാർക്കും ജാതികൾക്കും ആത്മാവ് ലഭിച്ചത് ക്രിസ്തുവിൽ വിശ്വസിച്ചപ്പോഴായിരുന്നു.

(7) "പാപമോചനത്തിനായി ക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽക്കുവിൻ എന്നാൽ പരിശുദ്ധത്മാവ് എന്ന ദാനം ലഭിക്കും" (അപ്പൊ.2:38) എന്നാണ് തിരുവചനം പഠിപ്പിക്കുന്നത്. പരിശുദ്ധാത്മപ്രാപണത്തിനായി രണ്ടാമതൊരു വിശ്വാസമില്ല. ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ തന്നെ ലഭിക്കും എന്നുസാരം.

(8) ഒരുവൻ ദൈവമകൻ ആണെങ്കിൽ അവന്റെ ഹൃദയത്തിൽ പരിശുദ്ധാത്മാവുണ്ട്. ആത്മപ്രാപണത്തോടുകൂടെയാണ് ഒരുവന് പുത്രത്വം ലഭിക്കുന്നത് (ഗലാത്യർ 4:6). ആത്മപ്രാപണം ഒരു രണ്ടാമനുഭവമല്ല.

(9) ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾഎല്ലാവരും ദൈവമക്കളാകുന്നു (ഗലാ. 3:26). ദൈവത്തിന്റെ മക്കൾ ദൈവത്തിന്റെ അവകാശികളുമാണ്. മക്കൾ പിതാവിന്റെ ദാനം സ്വീകരിക്കുവാൻ രണ്ടാമത് ജനിക്കേണ്ടയാവശ്യമുണ്ടോ?

(10) പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും പ്രത്യേകം പ്രത്യേകം വിശ്വാസത്താൽ സ്വീകരിക്കണമെന്നു വന്നാൽ അത് ആത്മീകതയുടെ വൈകൃതമായിരിക്കും. ഒരു യുവതി ഒരു യുവാവിനെ ഭർത്താവാക്കുവാൻ വിവാഹം കഴിക്കുന്നു. ഭർത്താവിന്റെ പിതാവിനെ പിതാവായി കാണുവാനും മാതാവിനെ മാതാവായി സ്വീകരിപ്പാനും വേറെ വേറെ വിവാഹം നടത്തണമെന്ന് ശഠിച്ചാലോ?

**2. കാത്തിരുന്ന് ആത്മാവിനെ പ്രാപിക്കണം**

"അങ്ങനെ അവൻ അവരുമായി കൂടിയിരിക്കുമ്പോൾ അവരോട്: നിങ്ങൾ യെരുശലേമിൽനിന്നു വാങ്ങിപ്പോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം" (അപ്പൊ.1:4). ഈ വാക്യത്തെ ആധാരമാക്കി ധാരാളം കാത്തിരുപ്പുയോഗങ്ങൾ ഇന്ന് സംഘടിപ്പിക്കപ്പെടുന്നു. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ഒരു ദൈവപൈതൽ കാത്തിരുന്ന് അന്യഭാഷ അടയാളത്തോടെ പരിശുദ്ധാത്മാവിനെ പ്രാപിക്കണം എന്ന് പെന്തക്കോസ്തർ പഠിപ്പിക്കുന്നു. വചനസത്യങ്ങൾക്ക് നിരക്കാത്ത ഉപദേശമാണിത്. വേദപുസ്തകത്തിലെ വാക്യങ്ങൾക്ക് പെന്തെക്കോസ്തുകാർ നൽകുന്ന വ്യാഖ്യാനഭേദത്തിന് മകുടോദാഹരണമാണീയുപദേശം. പ്രവർത്തികളുടെ പുസ്തകത്തിൽ കാത്തിരുന്നോ പരിശുദ്ധാത്മാവിനെ പ്രാപിച്ചത്?.

(1). അപ്പൊ.1:4 ൽ വൈദ്യനായ ലൂക്കൊസ് പറഞ്ഞതിന്റെ താല്പര്യം തന്റെ സുവിശേഷത്തിൽ താൻ എഴുതിയത് വായിച്ചാൽ ഗ്രഹിക്കാം. പ്രവർത്തികളുടെ പുസ്തകത്തിന് സമാന്തരമായ ലൂക്കൊസിന്റെ സുവിശേഷത്തിലെ വേദഭാഗം നോക്കുക. "എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയയ്ക്കും നിങ്ങളോ ഉയരത്തിൽ നിന്നും ശക്തി ധരിക്കുവോളം നഗരത്തിൽ പാർക്കുവിൻ എന്നും അവരോട് പറഞ്ഞു" (ലൂക്കൊ. 24:48,29). അപ്പൊ. 1:4ൽ "കാത്തിരിക്കേണം" എന്ന് പറഞ്ഞത് ലൂക്കൊസ് 24:49ൽ "പാർക്കുവിൻ" എന്നാണ് പറയുന്നത്. ഒരേ എഴുത്തുകാരൻ, ഒരേ സന്ദർഭത്തിൽ ഒരേ വിഷയത്തെക്കുറിച്ച് ഒറ്റ ഉദ്ദേശ്യത്തിൽ എഴുതുമ്പോൾ "കാത്തിരിക്കേണം", "പാർക്കുവിൻ" എന്നീ പദങ്ങൾ ഉപയോഗിക്കുന്നു. ഈ രണ്ട് ഭാഗങ്ങൾ ഒന്നിച്ച് പഠിക്കുന്ന ഒരു വേദപഠിതാവിന് ആത്മാവിന് വേണ്ടി ഒരു കാത്തിരിപ്പ്യോഗത്തിന് കൂട്ടുനിൽക്കുവാൻ കഴിയുകയില്ല.

(2) അപ്പൊ. 1:4ൽ പെന്തെക്കോസ്തു നാളിൽ പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ നിന്നും ഒരു കാര്യസ്ഥനായി ശിഷ്യന്മാരോട് (സഭയോടു) കൂടെയിരിക്കുവാൻ ഭൂമിയിൽ വരുന്നു (യോഹ. 14:16); അതുകൊണ്ട് അവൻ വരുന്ന സ്ഥലമായ യെരുശലേമിൽ നിങ്ങൾ ഉണ്ടായിരിക്കണമെന്ന് മാത്രമാണ് കർത്താവ് പറഞ്ഞതും ഉദ്ദേശിച്ചതും. ഈ വരവ് സഭയ്ക്ക് രൂപകല്പന നൽകുവാൻ വരുന്നതാണ്. ഒരു വ്യക്തിയിലേക്ക് പരിശുദ്ധാത്മാവ് വരുന്നത് അല്ല ഇവിടുത്തെ വിവക്ഷ.

(3) കർത്താവ് മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്ന് മനസ്സിലാക്കിയ ശിഷ്യന്മാർ ശിമോൻ പത്രൊസിന്റെ നേതൃത്വത്തിൽ പഴയ തൊഴിലായ മത്സ്യബന്ധനത്തിനായി പോകുന്നത് നാം കാണുന്നു (യോഹ. 21:1-3). ആ ശിഷ്യന്മാരെ പിന്നാലെ ചെന്ന് യഥാസ്ഥാനപ്പെടുത്തി കർത്താവ് അവരോട് പങ്കുവച്ച ആത്മീകസത്യങ്ങളിൽ മുഖ്യമായതും അവർക്ക് നൽകിയ മഹത്തായ നിർദ്ദേശവുമാണ് "നഗരത്തിൽ പാർക്കുവിൻ" എന്നുള്ളത്. മനുഷ്യരെ പിടിക്കുവാൻ ശക്തിയും വിജ്ഞാനവും തരുന്ന പരിശുദ്ധാത്മാവാം ദൈവത്തിന്റെ പ്രവൃത്തി "ഇനി ഏറെ നാൾ കഴിയും മുമ്പെ" ശിഷ്യന്മാർക്ക് ലഭിക്കും. അതുവരെ യരുശലേം വിട്ടുവാങ്ങി പോകാതെ പരിശുദ്ധാത്മാവിന്റെ വരവിന് വേണ്ടി കാത്തിരിക്കണമെന്നാണ് കർത്താവ് പറഞ്ഞത്.

(4) ഉത്ഥിതനായ യേശുക്രിസ്തു തന്റെ പുനരുത്ഥാനത്തിന് ശേഷം 40-ാം നാൾ സ്വർഗ്ഗാരോഹണം ചെയ്തു (അപ്പൊ. 1:2). അമ്പതാമത്തെ ദിവസം പരിശുദ്ധാത്മാവ് ഭൂമിയിൽവരും ഇത് രണ്ടും സുനിശ്ചിതങ്ങളാണ്. ഇതിനിടയ്ക്ക് ഒരു പത്തുദിവസം മാത്രം ശിഷ്യന്മാർ തനിച്ച് ഈ ഭൂമിയിൽ ആയിരിക്കണം - ഈ പത്തു ദിവസത്തെ ക്രമീകരണമാണ് കർത്താവ് ശിഷ്യന്മാർക്ക് കൊടുത്തത്. "നിങ്ങൾ യെരുശലേം വിട്ട് വാങ്ങിപ്പോകാതെ നഗരത്തിൽ പാർക്കുവിൻ" എന്ന നിർദ്ദേശം (അപ്പൊ. 1:21; ലൂക്കൊ. 24:49).

(5) കർത്താവിന്റെ ഈ കല്പന അനുസരിച്ച ശിഷ്യന്മാർ യെരുശലേം നഗരത്തിന് പുറത്തുപോകാതെ അപ്പൊസ്തലന്മാരും സ്ത്രീകളും യേശുവിന്റെ അമ്മയായ മറിയവും യേശുവിന്റെ സഹോദരന്മാരും ഒന്നിച്ചുകൂടിയിരുന്നു. ഈ ദശദിനങ്ങൾ ശിഷ്യന്മാരുടെ ജീവിതത്തിലെ ദശാസന്ധിതന്നെയായിരുന്നു. യെഹൂദന്മാരെ ഭയന്ന് പുറത്തിറങ്ങാതെയുള്ള അവസ്ഥ (യോഹ 20:19). മണവാളൻ വിട്ടുപിരിയേണ്ട നാൾ വരും എന്ന് കർത്താവ് പറഞ്ഞ ആ ദിവസങ്ങളിൽ അവർ ഉപവസിച്ചിരിക്കാം. 'അവർ ഒരുമനപ്പെട്ടു പ്രാർത്ഥന കഴിച്ചുപോന്നു' (അപ്പൊ. 1:14). ഈ ദിവസങ്ങളിലാണ് മത്ഥിയാസിനെ പന്ത്രണ്ടാമത് അപ്പൊസ്തലനായി തിരഞ്ഞെടുത്തത് (അപ്പൊ. 1:15-26). ഈ പത്തു നാളുകൾ അവർ യെരുശലേമിൽ തന്നെ ഉണ്ടായിരുന്നു. ഇവർ ഗലീലക്കാരായിരുന്നിട്ടും ഈ ദിവസങ്ങളിൽ അവർ സ്വന്തം വീടുകളിലേക്കു പോലും പോയില്ല.

(6) ഈ പത്തുദിവസങ്ങളിൽ മനുഷ്യജീവിതത്തിലെ സാധാരണ ജീവിത ചര്യകളുമായി ശിഷ്യന്മാർ യെരുശലേമിൽ പാർത്തു എന്നല്ലാതെ കാത്തിരിപ്പ്യോഗം നടത്തുകയല്ലായിരുന്നു. "പെന്തെക്കോസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂടിയിരുന്നു" (അപ്പൊ. 2:1). And when the day of Pentecost was now accomplishing, they were all together in one Place എന്നാണ് J.N. Darby ഈ വാക്യം വിവർത്തനം ചെയ്തിരിക്കുന്നത്. പെന്തക്കോസ്തുനാൾ പൂർത്തിയായി വന്നപ്പോൾ എന്ന് സാരം. അതിനർത്ഥം, ശിഷ്യന്മാരോട് കൂടെയിരിക്കുവാൻ കാര്യസ്ഥനായി വരുന്ന പരിശുദ്ധാത്മാവ് എപ്പോൾ വരും എന്നത് ശിഷ്യന്മാരെ കർത്താവ് ധരിപ്പിച്ചിരുന്നു എന്നാണ്. കർത്താവ് സൂചന കൊടുത്തിരുന്ന ആ ദിവസത്തിനായി ശിഷ്യന്മാർ നോക്കി പാർക്കുകയായിരുന്നു. ആ പെന്തെക്കോസ്തു ദിനം വന്നപ്പോൾ അതിരാവിലെ തന്നെ അവരെല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂടി. അന്നുരാവിലെ ഒമ്പതു മണി (പകൽ മൂന്നാം മണിനേരം)യ്ക്ക് മുമ്പായി പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ നിന്നും വന്നു.

7. കർത്താവ് സൂചന നൽകിയതനുസരിച്ച് പരിശുദ്ധാത്മാവിന്റെ വരവിനായി ശിഷ്യന്മാർ കാത്തിരിക്കുക (Wait) മാത്രമായിരുന്നു. 'കാത്തിരിക്കുക' എന്നത് ഇംഗ്ലീഷിൽ Wait എന്ന പദമാണല്ലോ. അതിനർത്ഥം എന്തിന് വേണ്ടി, ആർക്ക് വേണ്ടി ഒരുവൻ വെയിറ്റ് ചെയ്യുന്നുവോ അത് - അവൻ,-അതിന്റെ - അവന്റെ-സമയത്തു വരെ (വരുന്നതുവരെ) താമസിക്കുന്നു കാത്തിരിക്കുന്നു എന്നു മാത്രമാണ്. കാത്തിരിക്കുന്നവന്റെ ആകാംഷയോ, ത്വരിതപ്പെടുത്തൽ കൊണ്ടോ വരുന്നതിനെ നേരത്തെയാക്കുവാനോ വൈകിപ്പിക്കുവാനോ കഴികയില്ല എന്നു തന്നെയാണ്. സങ്കീ. 130:6-ൽ 'ഉഷസിനായി കാത്തിരിക്കുന്നവരെക്കാൾ'. എന്നൊരു പ്രയോഗം കാണാം. ഉറക്കം വരാത്ത ഒരു രാത്രി ഉഷസിനായി കാത്തിരിക്കുന്ന ഒരുവൻ

താൻ എത്ര ആഗ്രഹിച്ചാലും ഉഷസ് നേരത്തെയോ വൈകുകയോ ഇല്ല. പ്രഭാതം വരുന്നതുവരെ അതിനായി വൈകിക്കുന്നു, താമസിക്കുന്നു എന്നാണ് ഉഷസിനായി കാത്തിരിക്കുക എന്നു പറഞ്ഞാൽ അർത്ഥമാക്കുന്നത്. ശിഷ്യന്മാർ കാത്തിരുന്ന് പരിശുദ്ധാത്മാവിനെ വരുത്തുകയായിരുന്നില്ല. ആത്മാവ് വരുന്നതുകൊണ്ട് വെയിറ്റ് ചെയ്യുകയായിരുന്നു. ഇന്ന് കാത്തിരുന്ന് ആത്മാവിനെ വരുത്തുന്നുവെന്ന് പറയുന്നത് അജ്ഞതകൊണ്ടാണ്.

8. ഇന്ന് പരിശുദ്ധാത്മപ്രാപണത്തിനായി കാത്തിരിക്കണം എന്ന് ഒരു സൂചനപോലും തിരുവചനത്തിലില്ല. മറിച്ച് വിശ്വസിക്കുമ്പോൾ തന്നെ എല്ലാ വിശ്വാസികളും ആത്മാവിനെ പ്രാപിക്കുന്നു എന്ന് തിരുവചനം വ്യക്തമാക്കുന്നു. താർക്കികമായ ഭാഷയിൽ പൗലൊസ് ഗലാത്യരോട് ചോദിക്കുന്നു. "ഞാൻ ഇത് ഒന്നുമാത്രം നിങ്ങളോട്: ഗ്രഹിക്കുവാൻ ഇച്ഛിക്കുന്നു. നിങ്ങൾക്ക് ആത്മാവ് ലഭിച്ചത് ന്യായപ്രമാണത്തിന്റെ പ്രവർത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ?" (ഗലാത്യർ 3:2; അപ്പൊ. 19:2).

9. കർത്താവ് പറഞ്ഞ "കാത്തിരിപ്പിൻ" ഇന്നു കാണുന്ന കാത്തിരിപ്പിന്റെ വിദൂര സാദ്ധ്യത പോലുമില്ല. കാരണം, പരിശുദ്ധാത്മാവിനെ പിതാവിനോട് ചോദിക്കുന്നത് കർത്താവായ യേശുക്രിസ്തു തന്നെയാണ്. 'എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും" (യോഹന്നാൻ 14:16). "ഞാൻ പോയാൽ അവനെ നിങ്ങളുടെമേൽ അയയ്ക്കും" (യോഹ. 16:7). കൂടാതെ പിതാവ് വാഗ്ദത്തം ചെയ്തതാണ് പരിശുദ്ധാത്മാവ്. പിതാവ് വാഗ്ദത്തം ചെയ്തു നൽകിയ ദാനത്തെ കാത്തിരുന്ന് വരുത്തിയത് എന്ന് പറയുന്നത് ദൈവദൂഷണമല്ലാതെ മറ്റെന്താണ്?

10. ഈ വ്യവസ്ഥകളും യഥാർത്ഥ്യങ്ങളുമെല്ലാം കാറ്റിൽ പറത്തി ഞങ്ങൾ കാത്തിരിക്കും എന്ന് അപ്പൊ. 1:4 അധികരിച്ച് നിർബ്ബന്ധം പിടിക്കുന്ന പെന്തെക്കോസ്തുകാർ യരുശലേം വിട്ടുവാങ്ങിപ്പോകാതെ കാത്തിരിക്കണം. കാരണം പരിശുദ്ധാത്മാവ് വരുന്നത് അവിടെയാണ്. പെന്തെക്കോസ്തു ദിവസം വരെയേ കാത്തിരിക്കാവൂ. അന്നാണ് പരിശുദ്ധാത്മാവ് വരുന്നത്. പരിശുദ്ധാത്മാവ് വരുമ്പോൾ അന്ന് പ്രകടമായ അടയാളാദികൾ ഇന്നും നടക്കണം. ആകാശത്തുനിന്നുള്ള മുഴക്കം പെന്തെക്കോസ്തുകാരല്ല നാട്ടുകാർ കേൾക്കണം. നാവുകൾ പ്രത്യക്ഷമാകണം, അന്യഭാഷകളിൽ സംസാരിക്കണം; ലോകത്തിലുള്ള ഭാഷകളിൽ. ഇത് സംഭവിക്കാത്തതുകൊണ്ട് വചനം പറയുന്നത് വിശ്വസിക്കുക.

11 "എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി" And they were all filled with the Holy spirit (അപ്പൊ. 2:4) എന്ന പ്രയോഗം ഇന്നത്തെ കാത്തിരിപ്പുയോഗത്തിന്റെ നിരർത്ഥകവും പൊള്ളത്തരവും ചൂണ്ടിക്കാണിക്കുകയാണ്. ആദിമസഭയിൽ പെന്തെക്കോസ്തുനാളിൽ കൂടിയിരുന്ന എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി. കൂടിയിരുന്നവരുടെ വിശുദ്ധിയോ, ആത്മീക നിലവാരങ്ങളോ, ആത്മീയ വിഷയറിവോ ഏകാത്മകമായിരുന്നില്ല. എങ്കിലും യാതൊരു വേർകൃത്യവും, വ്യത്യാസവും കൂടാതെ എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി. ഇന്ന് കാത്തിരിക്കുന്നവരിൽ അഞ്ച് ശതമാനം പോലും പരിശുദ്ധാത്മാവ് ലഭിക്കുന്നു എന്ന് അവൻ പറയുന്ന അനുഭവം ഉണ്ടാകുന്നില്ല. പെന്തെക്കോസ്തുനാളിൽ പരിശുദ്ധാത്മാവിന് വേണ്ടി കാത്തിരുന്നു എന്ന് സമ്മതിച്ചാൽ തന്നെ കാത്തിരിക്കുന്ന എല്ലാവർക്കും പരിശുദ്ധാത്മനിറവ് ഉണ്ടാകും എന്ന് പഠിപ്പിക്കുകയും വേണം. എന്നാൽ ഇന്ന് കാത്തിരുന്ന് നിരാശരാകുന്ന ബലഹീന വിശ്വാസികളോടുള്ള പാസ്റ്റർമാരുടെ സ്ഥിരം ഉപദേശമാണ് "കുറവുണ്ട്" "സമർപ്പണം പോരാ", "വിശുദ്ധിയില്ല", "താഴ്ത്തിക്കൊടുക്കണം" തുടങ്ങിയവ.

12. പെന്തെക്കോസ്തു നാൾ വന്നപ്പോൾ - ആണ് പരിശുദ്ധാത്മാവ് വന്നത്. യഹോവ കൊടുത്ത യഹൂദന്റെ ഏഴു പെരുന്നാളിൽ നാലാമത്തെ ഉത്സവമായ വാരോത്സവത്തെയാണ് ഗ്രീക്കിൽ അമ്പതാമത്തെ എന്ന അർത്ഥത്തിൽ പെന്തെക്കോസ്തു എന്ന് വിളിക്കുന്നത്. ഉത്സവങ്ങൾ ഏഴും പുതിയ നിയമോപദേശ സത്യങ്ങളുടെ നിഴലാണ്. പെസഹയിൽ നമ്മുടെ പെസഹ കുഞ്ഞാട് അറുക്കപ്പെട്ടു. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ രണ്ടാമത് വരുന്നു. ആദ്യഫലകറ്റ നീരാജനം ചെയ്യുന്ന ദിവസം ക്രിസ്തുവിന്റെ പുനരുത്ഥാനം. അന്നുമു

തൽ അമ്പതാമത്തെ ദിവസം പെന്തെക്കോസ്തു നാൾ ഇങ്ങനെ ആ സപ്തോത്സവങ്ങൾ അതിന്റെ നിഴലും പൊരുളുമായി സത്യങ്ങൾ ഗ്രഹിക്കേണ്ട താണ്. ഈ ഒരു പെരുന്നാളുകളും യിസ്രായേൽ അതിന്റെ നിഴൽ സംഭവങ്ങൾ കാത്തിരുന്ന് വരു ത്തിയവയല്ല. അതിന്റെ പൊരുളായസത്യങ്ങളും കാത്തിരുന്ന് വരുത്താവതല്ല. വരുത്തുവാൻ കഴി യുന്നവയുമല്ല. പെന്തെക്കോസ്തുനാളിൽ മാത്രമേ പരിശുദ്ധാത്മാവ് വരുവാൻ കഴികയുള്ളൂ. എന്തെ ന്നാൽ പെസഹാദിനത്തിൽ മാത്രമേ പെസഹാ കുഞ്ഞാടിന് ക്രൂശിക്കപ്പെടുവാൻ കഴിയുമായിരു ന്നുള്ളൂ എന്നപോലെ. പെന്തെക്കോസ്തുനാൾ വന്നപ്പോൾ എന്നതിൽ നിന്ന് ആത്മാവിന്റെ വരവു മായി ബന്ധപ്പെട്ടിരിക്കുന്നത് ശിഷ്യന്മാരുടെ കാത്തിരിപ്പല്ല, പെന്തെക്കോസ്തുനാൾ എന്ന വാരോത്സവമാണ്.

13. "പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്നും ഒരു മുഴക്കം ഉണ്ടായി" (അ പ്പൊ. 2:3). എന്ന വാക്യത്തിൽ 'പെട്ടെന്ന്' (Suddenly) എന്നൊരു പദം ഇവിടെ സ്മരണീയമാണ്. കൂടിയിരുന്നവർ (പെന്തെക്കോസ്തുകാർ പറയുന്ന കാത്തിരുപ്പുകാർ) പ്രതീക്ഷിച്ചതുപോലെ പരിശു ദ്ധാത്മാവ് മേൽവരികയും ആത്മനിറവുണ്ടാകുക യുമാണ് സംഭവിച്ചത്. എന്നാൽ യാതൊരു മുന്ന റിയിപ്പും കൂടാതെ, അവർ നിനച്ചിരിക്കാത്ത നാഴി കയിൽ എന്നല്ല 'പെട്ടെന്ന്' എന്ന പ്രയോഗം പഠി പ്പിക്കുന്ന സത്യം. ഈ പത്ത് ദിവസത്തിനുള്ളിൽ അവരുടെ കാത്തിരിപ്പിന്റെ യാതൊരു വിധ പുരോ ഗതിയും നാം കാണുന്നില്ല.

ആത്മാവിന്റെ ആഗമനം കാത്തുകൊ ണ്ട്(പ്രതീക്ഷയുടെ പത്താം ദിവസം) അതിരാ വിലെ ഒന്നിച്ചുകൂടി വന്ന ശിഷ്യന്മാർക്ക് പെട്ടന്നു ണ്ടായ സംഭവങ്ങൾ (വലിയ മുഴക്കവും പ്രത്യക്ഷ മായ നാവുകളും) ആശ്ചര്യം ഉളവാക്കി. ആത്മാ വിന്റെ ആഗമനം പെട്ടന്നുള്ളതും ശിഷ്യന്മാർക്ക് അനിയന്ത്രിതവും ആയിരുന്നു.

14. "എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തി നായി കാത്തിരിക്കേണം" എന്ന കല്പന ലഭിച്ച (അപ്പൊ. 1:14). ശിഷ്യന്മാർ അതനുസരിച്ച് കാത്തി രുന്നു എന്നല്ല, "പെന്തക്കോസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂടിയിരുന്നു എന്നാണ്" (അപ്പൊ. 2:1) കാണുന്നത്. അവരുടേത് കാത്തിരിപ്പായിരുന്നില്ല, കൂടിയിരിപ്പായിരുന്നു. എല്ലാ വരും ഒരു സ്ഥലത്ത് (All together in one place). അവർ ഒരു സ്ഥലത്ത് ഒന്നിച്ചിരുന്നു എന്നതിനാണ് കർത്താവിന്റെ നിർദേശവുമായി ചേർച്ചയുള്ളത്. "യെരുശലേം വിട്ട് വാങ്ങിപ്പോകാതെ" എന്നുകൂടെ കർത്താവ് പറയുകയുണ്ടായി. 'ഒരു സ്ഥലത്ത്' (One place) എന്ന പ്രയോഗം കർത്താവ് പറ ഞ്ഞത് വ്യക്തമായി ശിഷ്യന്മാർ അനുസരിച്ചു എന്നു തന്നെയാണ് തെളിയിക്കുന്നത്.

15. ഒരുവന് പരിശുദ്ധാത്മാവ് ലഭിക്കുന്നതിനെപ്പറ്റി നാല് പ്രത്യേക പദപ്രയോഗങ്ങൾ അപ്പോസ്തല ന്മാരുടെ പ്രവർത്തികളുടെ പുസ്തകത്തിൽ ദൈവാത്മാവ് ലിഖിതമാക്കിയിരിക്കുന്നു. 1. ദാനം; (അപ്പൊ. 2:38,39; 3:20, 10:45, 11:17). ,2) വാഗ്ദത്തം: (അപ്പൊ. 1:4, 2:33,39)., 3) നൽകുക: (അപ്പൊ. 5:32, 11:17,18), 4) ലഭിക്കുക: (അപ്പൊ. 2:38, 8:15, 10:47) ഇവയാണ് ആ ചതുർവിധ പദപ്രയോഗങ്ങൾ. ഇവ യെല്ലാം ലഭിക്കുന്നവന്റെ ഭാഗത്തുള്ള പ്രവർത്ത നമല്ല. സ്വീകർത്താവിന്റെ പ്രത്യേകമായ വാഞ്ഛയോ, കാത്തിരിപ്പോ കൂടാതെ ദാതാവ് നൽകുന്നതായാണ് പറഞ്ഞിരിക്കുന്നത്. ഒരുവന് ആത്മാവ് ലഭിക്കുവാൻ അവൻ കർത്താവിൽ വിശ്വസിക്ക മാത്രമാണ് വേണ്ടത്. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടതിന് ശേഷം അന്യഭാഷകൾ അടയാ ളത്തോടെ കാത്തിരുന്ന് ആത്മാവിനെ പ്രാപി ക്കണം എന്ന ഉപദേശം സഭയുടേതല്ല. പെന്തെ ക്കോസ്തു പ്രസ്ഥാനത്തിന്റേതാണെന്ന് തിരിച്ചറി യുക.

16. പെന്തെക്കോസ്തുനാൾ വരുന്നതിന് മുമ്പ്: യേശുക്രിസ്തു തന്റെ ശിഷ്യന്മാരുമായി കൂടിയി രുന്നപ്പോൾ "അവൻ അവരുമേൽ ഊതി പരിശു ദ്ധാത്മാവിനെ കൈക്കൊൾവിൻ'' (പ്രാപി പ്പിൻ)-യോഹ. 20:22) എന്നു പറഞ്ഞു. അന്ന് ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ ലഭിച്ചില്ലായി രുന്നോ എന്നു കൂടെ പെന്തെക്കോസ്തുകാർ ഉത്തരം പറയേണ്ടിവരും? എന്തിനാണ് യേശു ശിഷ്യന്മാരുടെമേൽ ഊതി പരിശുദ്ധാത്മാവിനെ നൽകിയത്. അന്ന് പരിശുദ്ധാത്മാവ് ലഭിച്ചെങ്കിൽ പെന്തെക്കോസ്തുനാളിൽ ശിഷ്യന്മാർ കാത്തി രുന്ന് പ്രാപിച്ചുവെന്ന് പറയുന്നത് എന്താണ്?